ഭൗതികവസ്തുക്കൾകൊണ്ടു് ഒരു വിധത്തിലും തൃപ്തിയടയാത്തതാണു് നിങ്ങളുടെ പ്രകൃതിയെന്നു് അനുഭവം നിങ്ങളെ പഠിപ്പിക്കുന്നുണ്ടല്ലോ. ഇതിൽനിന്നു് ഈശ്വരനു് മാത്രമേ നിങ്ങളെ നിറയ്ക്കുവാൻ, തൃപ്തിപ്പെടുത്തുവാൻ, കഴിയൂ എന്ന വാസ്തവം നിങ്ങൾ മനസ്സിലാക്കണം. അവിടത്തെ പ്രാപിക്കുന്നതിന്നായിരിക്കട്ടെ നിങ്ങളുടെ നിരന്തരശ്രമം. നിങ്ങൾ സർവ്വസമ്പന്നരും നിത്യസൗഭാഗ്യവാന്മാരും ആയിരിക്കണമെന്നുള്ള ദൈവേച്ഛയെയത്രെ ഭൗതികവസ്തുക്കളിൽ നിങ്ങൾക്കനുഭവപ്പെടുന്ന അസംതൃപ്തി വ്യക്തമാക്കുന്നതു്.

നിങ്ങളുടെ പരമാന്ത്യപ്രാപ്തിക്കുള്ള ഉദ്യമത്തിൽ നിങ്ങളെ സഹായിക്കണമെന്നു് പഞ്ചഭൂതങ്ങളോടും എല്ലാ ജീവജാലങ്ങളോടും ദൈവം കല്പിച്ചിട്ടുണ്ടു്. ദൈവത്തെ പ്രാപിക്കുന്നതിന്നുള്ള യത്നത്തിൽ നിങ്ങളെ സഹായിക്കുവാൻ ഞങ്ങൾക്കെല്ലാവർക്കും വലിയ ആഗ്രഹമാണുള്ളതു്. ആകയാൽ ഉണരുക. കൃതജ്ഞതാപൂർവ്വം ദൈവത്തിന്റെ കാരുണ്യത്തെ സ്മരിച്ചു് ദൈവപ്രാപ്തിക്കായി അദ്ധ്വാനിക്കുവാൻ സന്നദ്ധരാകുക.''

ഒരു സമാധിയിൽനിന്നെന്നപോലെ ജോയ് ഉണർന്നു. എന്നാൽ അതു വേറൊരു മനുഷ്യനായിട്ടായിരുന്നു. ''ഞാൻ ഈ കേട്ടതു പുൽക്കൊടിയിൽനിന്നോ അതോ എന്റെ ഹൃദയാന്തരാളത്തിൽനിന്നോ?'' ജോയ് സംശയിച്ചു. ''എവിടെനിന്നുമാകട്ടെ, ദൈവമേ! അവയെക്കുറിച്ചു ഞാൻ അങ്ങെ വാഴ്ത്തുന്നു. നന്ദിപ്രസൂനങ്ങൾ അങ്ങയുടെ പാദാരവിന്ദങ്ങളിൽ അർപ്പിക്കുകയും ചെയ്യുന്നു'' — കനത്ത ഒരു ചങ്ങല കൈകളിൽനിന്നു വീണുപോയതുപോലെ അവനു തോന്നി. അവന്റെ ഹൃദയം മൃദുലമായി പകർന്നു. സന്തോഷഭരിതനായിട്ടാണു് അവൻ അന്നു് സ്വഭവനത്തിലേക്കു തിരിച്ചുപോയതു്.



ആരതാചലത്തേക്കാൾപ്പൊങ്ങിനിന്നീടും കാല്യ–
താരകത്തിനേപ്പോലിക്കാട്ടു പൂവിനെക്കൂടി
നിത്യവും സമുൽഫുല്ലശോഭമായ് ലാളിക്കുന്ന
സ്തുത്യമേ ഭവദീയമേകഭാവനാവത്വം.

(ജി.)

# റിക്ഷക്കാരൻ.

*(ടി. കെ. രവീന്ദ്രനാഥ്, I B. Com.)*

ഇരമ്പിച്ചാഞ്ഞീടുന്ന വാഹനമദ്ധ്യത്തിലൂ–
മരുമകൊച്ച റിക്ഷയോടിക്കും റിക്ഷക്കാരാ!
തിരക്കിത്തിക്കിക്കൂട്ടും തെരുവിൻ മദ്ധ്യത്തിലും
തിരിയിൽ വെളിച്ചത്തിൽ നീ റിക്ഷയോടിക്കുന്നു.
ആവിതൻ സഹായത്താൽ വണ്ടികളോടീടട്ടെ,
ആകാശമാർഗ്ഗത്തിങ്കൽ ജറവകൾ പറക്കട്ടെ,
സ്വന്തമാം രക്തത്തിൻെറയൂർജ്ജത്താൽ നിയോടിക്കും
'കൈവണ്ടി'മുമ്പിൽ തുലോം നിസ്സാരമത്രേയവ!
നന്ദിക്കുറവാനെനിക്കില്ലൊരു പദംപോലു–
മുന്നതം നീയേകിയ പാഠത്തിൻ വിലയോർത്താൽ.
ഒഴിഞ്ഞും, പിന്മാറിയുമന്തിയും തള്ളിച്ചും നീ–
യഴിഞ്ഞ ജീവിതത്തെക്കോൾക്കുവാൻ പഠിക്കുന്നു.
കാലത്തിൻ കരങ്ങൾനിൻ മുഖത്തും ദേഹത്തും, ഹാ!
മായ്ക്കുവാൻ കഴിയാത്ത മാററങ്ങളുണ്ടാക്കീടാം;
സ്നേഹത്താൽ നീ പോററുന്നോ'രോടയിൻ' മക്കൾ നിന്നെ–
യാശ്വസിപ്പിക്കാനില്ലേ? തൃപ്തനായിരിക്കു നീ!
മഴയിൽ, മഞ്ഞിൽ, വെയിലിൽക്കുഴയും നിന്നെച്ചൊല്ലി
അഴലാൽക്കരംനൊന്തു പാടുവാനാരാരുള്ളു?
വിടരാൻ, വികസിക്കാൻ, വിലസാൻ കഴിയാതെ–
യിടരാൽക്കൊഴിഞ്ഞുപോം വിടരാ മൊട്ടുകളേ!
നിങ്ങളെയുയർത്തുവാൻ, നിങ്ങളെ വാഴ്ത്തീടുവാൻ
വെമ്പുമീക്കവി തൻെറ വാക്കുകൾ നിസ്സാരങ്ങൾ.

---

നിറഞ്ഞിരിക്കിലും ദരിദ്രമീരാജ്യം
നിറന്നിരിക്കിലും വികൃത,മെങ്കിലും
ഇവിടെ സ്നേഹിപ്പാ,നിവിടെയാശിപ്പാ–
നിവിടെ ദുഃഖിപ്പാൻ കഴിവതേ സുഖം–

(വൈലോപ്പിള്ളി)

ചെറുകഥ.

# ബസ്റ്റാൻറിലെ ലോകം.

*(കെ. കുമാർ, I B. Sc.)*

വെറുപ്പുനിറഞ്ഞ സ്ത്രീയുടെ കറുത്ത വദനംപോലെ അന്തരീക്ഷം ശോകമൂകമായിരുന്നു. പ്രകൃതി ആസ്വദിക്കാൻ തക്കതല്ല. കാർമേഘാവൃതമായ ആകാശം ഇരുണ്ടിരുന്നു. മഴ ചാറുന്നുണ്ട്. തണുപ്പേറിയ കാററു വീശുന്നുമുണ്ട്.

അതൊരു ബസ്റ്റാൻഡാണ്. വൃത്തികെട്ട ഒരു ഷെഡ്ഡ്; നാലോ അഞ്ചോ വണ്ടികൾക്ക് നില്ക്കാം. പിന്നിൽ വരുന്ന ബസ്സുകളെല്ലാം സ്റ്റാൻഡിൽ നില്ക്കുന്നവയുടെ മുമ്പിൽ വരിയായി നിരക്കും; അത്തരമൊരു ബസ്റ്റാൻഡ്. ഗ്രാമത്തിലെ ഗതാഗതങ്ങളുടെ ഉറവിടമാണത്.

ഒരു ബസ്സ് ഓടിക്കിതച്ചെത്തി. മഴച്ചാററൽ തട്ടിയിരുന്നതിനാൽ വെള്ളത്തുള്ളികൾ പളുങ്കിൻ മണികൾപോലെ ഉതിർന്നുവീണു. വണ്ടിയുടെ ഉള്ളും ചവിട്ടുപടിയുമെല്ലാംതന്നെ വെള്ളംവീണു ചളികെട്ടിയിരുന്നു. യാത്രക്കാർ ഓരോരുത്തരായി കുടയുംപിടിച്ച് ഇറങ്ങി. കൂലിക്കാർ ബസ്സിൻെറ പുറത്ത് പൊത്തിപ്പിടിച്ചുകയറി. വലിയ ഇലക്കെട്ടുകളും കായ്കറിക്കൂടകളും ഇറക്കുന്ന ബഹളം. അന്തരീക്ഷം ശബ്ദബഹുലമായി. കൂലിക്കാരും സാധനങ്ങളുടെ ഉടമസ്ഥന്മാരും തമ്മിൽ കൂലി പേശിക്കൊണ്ടുള്ള ശണ്ഠയും നടക്കുന്നുണ്ട്.

യാത്രക്കാർ എല്ലാവരും പോയപ്പോൾ കോലാഹലം നിലച്ചു. ബസ്റ്റാൻഡിൽ മഴമൂലം ആളുകൾ കുറവായിരുന്നു. പത്രവില്പനക്കാരെപ്പോലും കാണാൻ കഴിഞ്ഞില്ല. ഒരു ബസ്സ് യാത്രയ്ക്കു തയ്യാറെടുത്തു. ഡ്രൈവർ ഒരു ബീഡി കത്തിച്ചു വലിച്ച് വണ്ടിയിൽത്തന്നെ ഇരിക്കുകയായിരുന്നു; പുറത്തിറങ്ങുവാൻ തോന്നുന്ന ഒരു സമയമല്ല അത്. ഹോറൺ അടിച്ചു വണ്ടി സ്റ്റാർട്ടുചെയ്തു. കണ്ടക്ടർ പ്രവേശനദ്വാരത്തിൽ തൂങ്ങിക്കിടക്കാതെ സീററിൻെറ ഒരു കോണിൽ ചുരുങ്ങിച്ചുളുങ്ങിയിരുന്നു. യാത്രക്കാർ വളരെ കുറവായിരുന്നു. കണ്ടക്ടർ ശപിച്ചുകൊണ്ട് വിസിലൂതി.

സ്റ്റാർട്ടുചെയ്ത വണ്ടി പെട്ടെന്നു നിന്നു.

പുറമെ കണ്ണു കാണാത്ത ഒരു വയസ്സൻ ഒരു ബാലൻെറ തോളിൽപ്പിടിച്ചുകൊണ്ട് ഇരക്കുകയായിരുന്നു. ഗ്രാമത്തിലെ ബസ്റ്റാൻഡിൽപ്പോലും അതൊരു നിത്യസംഭവമായിരുന്നു. വൃദ്ധൻ യാത്രക്കാരോടു വീണ്ടുമിരന്നു. "ഒരു കാലണ പൊന്നുമക്കളെ; കണ്ണില്ലാത്ത ഈ പാവത്തിന് ഒരു മുക്കാലു കൊടുക്കൂ മക്കളെ." ഇഴഞ്ഞ മട്ടിൽ അതങ്ങനെ തുടർന്നുകൊണ്ടിരുന്നു. ഒററക്കാശും ആ ചട്ടിയിൽ വീണില്ല. ചെറുക്കൻ വൃദ്ധൻെറ രാഗത്തിന് അനുപല്ലവിയെന്നോണം ഏററുപാടി, "സാറേ, സാറേ ഒരു കാലണ; ഈ കണ്ണില്ലാത്ത പാവത്തിന്നൊരു മുക്കാലു കൊടുക്കണേ."

യാചനയുടെ സ്വരം ഓരോ മഴത്തുള്ളിയിലും അലിഞ്ഞുചേർന്നു. ആരും അതത്ര ശ്രദ്ധിച്ചില്ല.

ചെറുക്കൻെറ കയ്യിൽ ചുരയ്ക്കത്തോടുകൊണ്ടുള്ള ഒരു നാടൻ തംബുരുവുണ്ടായിരുന്നു. തംബുരുവിൻെറ തന്ത്രികളിൽ അവൻെറ വിരലുകൾ ഒരു പൂമ്പാററയെന്നോണം പാറാൻ തുടങ്ങി. ശോകപ്രധാനമായ ചില ലളിതഗാനങ്ങൾ അവൻെറ മുഖത്തുനിന്നുയർന്നു. കരളലിയിക്കുന്ന സംഗീതം, കരിങ്കല്ലിനേയും ദ്രവിപ്പിക്കുന്ന സംഗീതം. പ്രകൃതിയുടെ വികൃതിയായിരിക്കാം ആ

പിച്ചക്കാരൻ ചെറുക്കന് ഒരു കോമളകണ്ഠം നല്കിയതു്. യാത്രക്കാർ മഴച്ചാററൽ ഏല്ക്കാതിരിക്കുവാനുള്ള ടാർപ്പോളിൻ പൊന്തിച്ചു പാട്ടുന്നവനെ നോക്കി. ഒരു വൃദ്ധനായ പിച്ചക്കാരനും അവൻെറ മകനും. നാലഞ്ചു കാലണകൾ ആ ചട്ടിയിൽ വീണു.

അപ്പോഴേയ്ക്കും പരുപരുത്ത ആ ആജ്ഞാസ്വരം കേട്ടു. "എറച്ചിയിൽ മണ്ണാക്കാതെ മാറിപ്പോടാ." അല്ലെങ്കിൽതന്നെ ശുണ്ഠിപിടിച്ചിരുന്ന കണ്ടക്ടർക്കു് ഒരു കാരണം കിട്ടാൻ നില്ക്കുകയായിരുന്നു.

പിൻചക്രത്തിനു തൊട്ടു മുൻവശത്തായിരുന്നു യാചകരായ അച്ഛനും മകനും നിന്നിരുന്നതു്. അവർ തെല്ലൊന്നു നീങ്ങിനിന്നു. കണ്ടക്ടർ വീണ്ടും വിസിലൂതി. യാത്രക്കാർക്കു കുറഞ്ഞൊരീർഷ്യ കണ്ടക്ടരുടെ നേരെ തോന്നി. ബസ്സ് മെല്ലെ നീങ്ങുകയായിരുന്നു. അകലുന്തോറും ചെറുക്കൻെറ സംഗീതവും തമ്പുരുവിൻെറ താളാനുസൃതമായ മീട്ടലും കരളിൻെറ അഗാധതയിൽ ലയിച്ചുചേർന്നു.

ദിവസങ്ങൾ ജീവിതത്തിൻെറ പരുപരുത്ത ഏടുകളെന്നോണം മറിഞ്ഞുകൊണ്ടിരുന്നു. സമയം രാവിലെ എട്ടുമണിയായിരിക്കും. പ്രകൃതി ഉദയാർക്കൻെറ കിരണങ്ങൾ തട്ടി കൂടുതൽ മോഹനമായിത്തീർന്നു. കവിയുടെ വാക്കുകളിൽ പ്രശാന്തസുന്ദരമായ അന്തരീക്ഷം.

ബസ്റ്റാൻഡിൽ തിക്കും തിരക്കുമുണ്ടു്. കൂലിക്കാരുടേയും പത്രവില്പനക്കാരുടേയും യാത്രക്കാരുടേയും കോലാഹലം; ഓറഞ്ചുവില്പനക്കാരുടേയും പെട്ടിക്കച്ചവടക്കാരുടേയും ശബ്ദങ്ങൾ. പോരാത്തതിനു പിച്ചക്കാരുടെ ഞരങ്ങിക്കൊണ്ടുള്ള യാചനാസ്വരവും.

ഓരോ ബസ്സിന്നടുത്തേയ്ക്കും വലിയ പ്രതീക്ഷകളുമായി ആ വയസ്സനും മകനും നീങ്ങുന്നതു കാണാം. മകൻ വളർന്നിട്ടുണ്ടു് അവനു ലോകം സുന്ദരമാണ്—കഷ്ടപ്പാടുകൾക്കിടയിലും. അവനു് ജീവിക്കാൻ സാധിക്കാതെ വരുന്നു. ഈ നികൃഷ്ടജീവിതം അവനു മടുത്തു. എന്തൊക്കെയോ പൊൻകിരണങ്ങൾ മനസ്സിൽ മിന്നി മറയുന്നുണ്ടു്. അതുപോലെയൊക്കെ ജീവിക്കണമെന്നു തോന്നിപ്പോകുന്നു. അപ്പോഴായിരിക്കും അച്ഛൻെറ വിളി പുറകിൽനിന്നും കേൾക്കുക—
"എടാ മോനേ, ഇന്നൊന്നും കിട്ടിയില്ലെടാ?"
അവൻ പല്ലിറുമിക്കൊണ്ടു മറുപടി പറയും:—
"ഇല്ലാ, നമ്മളിങ്ങനെതന്നെ ചത്തോളണം."

"പോടാ, അധികപ്രസംഗം പറയാതെ; പിന്നെ നമുക്കു് രാജാവാവാൻ കഴിയുമോടാ."

"മതി, എരന്നെരന്നു തോററു. ജീവിക്കുന്നതിലും ഭേദം മരിക്കുന്നതാ."

"ഞാൻ ചത്തിട്ടു് നീയെതു കഴുവിലെങ്കിലും കേറിക്കോ." ഇതു പറയുമ്പോൾ ആ അന്ധനേത്രങ്ങളിൽനിന്നു രണ്ടിററു കണ്ണുനീർ അയാളുടെ കാലുകളിൽ അടർന്നുവീണു.

മകനു് അച്ഛനെ സ്നേഹമില്ലാതെയല്ല; മനസ്സ് നീറുന്നുണ്ടു്; എങ്കിലും ഇതു കണ്ടപ്പോൾ പല്ലിറുക്കി ഈർഷ്യയും വെറുപ്പും കടിച്ചിറക്കി. ജീവിതം ഒരു പ്രശ്നമാണ്. അഗാധമായ അലയാഴിപോലെ മുമ്പിൽ അതു വിസ്തൃതമായിക്കിടക്കുന്നു. നിരക്ഷരകുക്ഷിയാണെങ്കിൽക്കൂടി, പ്രകൃതിയുടെ പ്രബോധനം കൊണ്ടായിരിക്കാം, വളരുന്ന മകൻെറ മനസ്സിൽ ചില ആദർശങ്ങളും അഭിപ്രായങ്ങളും തളിരിട്ടു. എന്നാൽ സാഹചര്യം പ്രതികൂലമാണ്. അവ വളരുകയില്ല. അവയ്ക്കെല്ലാം അച്ഛൻ ഒരു വിലങ്ങുതടിയായി നില്ക്കുന്നു. അവയെ മുളയിൽതന്നെ കരിക്കുവാൻ അച്ഛൻ ശ്രമിക്കുകയാണ്.

പ്രവൃത്തിയെടുത്തു മാനമായി ജീവിക്കണം. താൻ പുരുഷനാകുകയാണെന്നു മകനറിയാമായിരുന്നു. തങ്ങളുടെ ജീവിതപരിധി ബസ്റ്റാൻഡും അതിനു ചുററുമുള്ള കുറച്ചു സ്ഥലങ്ങളും. ജീവിതോപകരണം വായിൽ നാവും കയ്യിലെ തംബുരുവും മാത്രം. തെണ്ടിത്തെണ്ടി ഒന്നും കിട്ടാതായി. എന്നിട്ടും പറയുന്നു അച്ഛൻ അവിടം വിടാൻ തയ്യാറല്ലെന്നു്.



Dr. C. S. Venketeswaran on the College Day.



Dramatic Performance "അകവും പുറവും".



വശിയും വശഗൻ തേ !
M. Sukumaran, I B. Sc.



One-act Drama
"Rejuvenation"
as part of send-off
to Prof: Joseph Pettah.



P. L. Johny,
*Chairman 1957–'58.*



C. R. Kunjayyappan,
*Secretary 1957-'58*



P. J. Jose,
*General Captain &*
*Athletic Champion 1957–'58*



P. A. George,
*Athletic Champion*
*(bracketed) 1957–'58.*



K. Hariharan,
*General Secretary 1956–'57.*




K. L. Johnson,
*General Captain 1956–'57*




C. S. Ramakrishnan,
*Athletic Champion 1956-'57.*



V. T. Gangadharan,
*Chairman 1956-'57.*

മകൻെറ മനസ്സിൽ എന്തോ ചില ആശയങ്ങൾ രൂപംപൂണ്ടു. അവയെ സങ്കല്പത്തിൽ വളർത്തിക്കൊണ്ടുവരികയായിരുന്നു. തെല്ലുനേരം സ്വയം മതിമറന്നുപോയി. അങ്ങനെ എത്ര നേരം വേണമെങ്കിലും നില്ക്കാമെന്നുണ്ടായിരുന്നു. അച്ഛൻെറ ശബ്ദം കേട്ടാണ് ഞെട്ടിയുണർന്നത്. അതോടൊപ്പം ജീവിതയാഥാർത്ഥ്യത്തിലേയ്ക്കു കണ്ണുതുറന്നുനോക്കി. അപ്പോൾ കയ്പുള്ള നീരുറവകൾ മാത്രം കണ്ടു.

കോട്ടും പാൻറും ധരിച്ച ഒരു മാന്യൻ ബസ്സ്റ്റാൻഡിൽ വന്നു. വൃദ്ധനും മകനും യാചിച്ചു. തിരിഞ്ഞുനോക്കുന്ന ഭാവമില്ല. വീണ്ടും വീണ്ടും കേണിരന്നു. ആ മാന്യൻ തിരിഞ്ഞു നിന്നു ജ്വലിച്ച കണ്ണുകൊണ്ടൊന്നു നോക്കി; ഇടിവെട്ടുംവണ്ണം പറഞ്ഞു. ''കള്ളപ്പരിഷ തെണ്ടിയലഞ്ഞു നടക്കുന്നു, വേലയെടുക്കടാ പോയി; വേലയെടുത്ത് ആ വയസ്സൻതെണ്ടിയെ പുലർത്ത്, വന്നിരിക്കുന്നു യാചിച്ചുകൊണ്ട്.''

പെട്ടെന്നൊരടിയായിരുന്നു അത്. വളരുന്ന ഒരു യുവാവിൻെറ ആത്മാഭിമാനത്തിൽ ഏററ ആഘാതം.

പിന്നെ അരക്ഷണം അവിടെ നിന്നില്ല. തംബുരു കയ്യിലുണ്ട്. അച്ഛനെ വലിച്ചിഴച്ചുകൊണ്ട് മകൻ മുന്നോട്ടു നീങ്ങി. ഒരു യുവഹൃദയം വ്രണപ്പെട്ടിരിക്കുകയാണ്. തൻെറ പിതാവിനെക്കേറി വയസ്സൻതെണ്ടിയെന്നധിക്ഷേപിച്ചിരിക്കുന്നു. സ്ഥിതിഗതികൾ മോശമായിരുന്നതുകൊണ്ടാണ് തൻെറ കയ്യിൻെറ രുചി അയാളറിയാഞ്ഞത്.

പൊട്ടാറായിരുന്ന ഒരഗ്നിപർവ്വതമായിരുന്നു അവൻ. ഇനിയെങ്കിലും ഹൃദയത്തിൽ കൂടുതൽ വ്രണങ്ങളുണ്ടാകാതെ സൂക്ഷിക്കണം. മകൻ ഒരു തീരുമാനമെടുത്തു. പട്ടണത്തിലേയ്ക്കു പോണം, പണിയെടുക്കണം, അച്ഛനെ പുലർത്തണം. അച്ഛൻ പോരുന്നില്ലെങ്കിൽ വേണ്ട, ഇവിടെ ത്തന്നെ താമസിക്കട്ടെ. തീരുമാനം പ്രബലപ്പെട്ടു. അതോടെ കയ്യിലുണ്ടായിരുന്ന തംബുരു വിനോടറപ്പുതോന്നി. അതൊരേറുകൊടുത്തു; ശബ്ദത്തോടെ അതു ദൂരെ തെറിച്ചുവീണു.

തോളിൽനിന്നും കൈകൾ വിടുവിച്ചു മകൻ പറഞ്ഞു: ''ഞാൻ പോട്ടെ അച്ഛാ, വേണ്ടതുമായി തിരിച്ചുവരാം; അതുവരെ ക്ഷമിക്കു.''

വാക്കുകൾ രൂക്ഷമായിരുന്നു. അവ തറയ്ക്കുന്നമാതിരി ആ വൃദ്ധഹൃദയത്തിൽ തട്ടി. മകൻ പാഞ്ഞു നടന്നു, എങ്ങോട്ടെന്നില്ലാതെ. നടന്നുനടന്നവൻ മറഞ്ഞു.

ആ വൃദ്ധൻ തെല്ലുനേരം മരവിച്ചുനിന്നു. ഒരു പൊട്ടിത്തെറി. ഹൃദയം നുറുനുറു കഷണങ്ങളായി പൊട്ടിച്ചിതറുകയാണ്. തീവ്രമായ വേദന! നിലവിളിച്ചുകൊണ്ട് അച്ഛൻ മകനെയന്വേഷിച്ചു.

ബസ്സ്റ്റാൻഡിലേയ്ക്ക് ഒരു ബസ്സ് പാഞ്ഞു വരികയായിരുന്നു. ഒരിറക്കം. ഹോറൺ അടിക്കുന്നതു കേൾക്കാം. പരിഭ്രമിച്ച വൃദ്ധൻ വിലങ്ങത്തിൽ ചാടി ബസ്സിൻെറ മുമ്പിൽ വന്നു വീണു. ഒരു ഞരങ്ങൽ, വീണ്ടും കുറച്ചുനേരം കൂടി........പിന്നെ ഒന്നുമുണ്ടായില്ല. ഒരു യാചകൻ മരിച്ചു.

അവിടെ രക്തം തളംകെട്ടിയിരിക്കുകയാണ്. ആളുകൾ തടിച്ചുകൂടി; മൂന്നുനാലു കാക്കിത്തൊപ്പികളും.

ജനസംഖ്യയിൽ ഒന്നു കുറഞ്ഞുകിട്ടി, മാന്യൻ പറയുകയാണ്.

അപ്പോൾ, വികാരഭരിതമായ ആ അന്തരീക്ഷത്തിൽ ചില അജ്ഞാതഗാനങ്ങൾ കേൾക്കാമായിരുന്നു.

ദൂരെ കിടന്നിരുന്ന തംബുരുവിൽ കരിയില പറന്നുവീണപ്പോൾ അതു ശ്രുതി മീട്ടുവാൻ തുടങ്ങി. ദുസ്സഹമായ വേദനയോടെ പുറപ്പെട്ടിരുന്ന അതിൻെറ ഗാനവീചികൾ മരിച്ചുകിടന്നിരുന്ന അച്ഛനെ ഒരുപക്ഷെ സമാശ്വസിപ്പിക്കുകയായിരിക്കാം!!

# അമ്പലവാസി.

(കെ. ഹരിഹരൻ.)

ശംഖൊലി മുഴങ്ങുന്നൂ ക്ഷേത്രത്തിലതോടൊപ്പം,
ശങ്കുവാര്യരിൽ ക്ഷുബ്ധചിന്തയും മുഴങ്ങുന്നു;
ചെണ്ടകൊട്ടുപോൽത്തന്റെ ഹൃദയത്തുടിപ്പുകൾ
ദണ്ഡനമേല്പിക്കവേ, വാരിയരമരുന്നു.
അണയാൻ വെമ്പിക്കത്തും മണ്ഡപ വിളക്കുപോ-
ലിരുളെ പ്രതീക്ഷിപ്പാൻ മാത്രമിന്നയാൾക്കാവും.

തുമ്പയാൽക്കിളയ്ക്കുന്നു വാരിയർ വളപ്പു;ന്നാൽ
തൻ പരിചയക്കുറവോർത്തയാൾ ഖേദിക്കുന്നു.
അമ്പലമുയർത്തുന്നൂ മണിനിക്വാണം; തന്റെ-
യമ്പല വാസക്കാലം വാരിയർ സ്മരിക്കുന്നു.
ഓർമ്മകളുടെ ചെത്തിപ്പൂക്കളാലൊരു മാല്യം,
തന്മനസ്സിലായ്ത്തുന്നാൻ വാരിയർ തുടങ്ങുന്നു.
“വാര്യരേ, *‘കഴക’ത്തിന്നിനിമേൽത്താൻ വേണ്ട”ന്നു
കാര്യമായ് ശാന്തിക്കാരൻ പോററി വന്നറിയിക്കേ,
വിളറി വിറച്ചുതാൻ നിന്നൊരത്തലേന്നാൾ തൊ-
ട്ടുകലെപ്പിന്നോട്ടായ്ത്തൻ ചിന്തകൾ പറക്കുന്നു.

* * *

ഒമ്പതു വയസ്സാണു ശങ്കുവിനന്നാദ്യമാ-
യമ്പലവേലക്കാരനായിയങ്ങെത്തീടുമ്പോൾ.
ഈറനാം തോർത്തും ഭസ്മക്കുറിയുമായെമ്പാടും
പാറിയെത്തുമാ ഭക്തബാലകനുത്സാഹത്തിൽ.
ശാന്തി ചെയ്തീടും രാമൻപോററിതൻ പ്രസാദത്താൽ
ശാന്തമായിരുന്നൂ തൽപ്രശ്നങ്ങളെല്ലാംതന്നെ.
മാലയും, വിളക്കുമായങ്ങനെ കടന്നുപോയ്
നാളുക;ളൊരു യുവാവായവൻ വളർന്നെത്തി;
ഭക്തർതന്നൗദാര്യത്താൽ പുഷ്ടമായനുദിനം
ഭക്തനാമവരുടെ മടിശ്ശീലയുമൊപ്പം.
സഹധർമ്മിണിയൊന്നു ശങ്കുവിന്നുണ്ടായ്‌വന്നു;
സ്പൃഹണീയമാമൊരു ജീവിതം ത്രസിക്കയായ്.

---

* പൂജയ്ക്കൊരുക്കുന്ന ജോലി.

മാലയും വിളക്കുമായ് വാരിയർ പണംനേടി;
ശ്രീലമായജ്ജീവിതം സുഖദായകം, തൃപ്തം.
സ്വന്തമായൊരു ഭൂമി വാരിയർ വാങ്ങി; നാട്ടാ–
രെന്തൊരദ്ഭുതമെന്നു തങ്ങളിൽ മിഴിക്കവേ!
ഇക്കഴകവുമായിയമ്പതു വയസ്സെത്തി
മക്കളൊരേഴായപ്പോഠം നെടുവീപ്പുയാഠം വിട്ടു,
പഴയ വരവില്ല; വിശ്വാസം നശിച്ചുപോയ്
വഴിപാടുകളില്ലാതാകുവാൻ തുടങ്ങുന്നു.
ദേവിക്കു കിട്ടുംനെല്ലിൻ മിച്ചവും, പറമ്പിലെ–
ക്കേരവുംകൂടിപ്പുലത്തുന്നിതക്കുടുംബത്തെ.
കാലമെങ്ങനെ മാറി?, ശങ്കുവാരിയരോത്തു,
''നാളെയീവിധം പോയാലെങ്ങനെ പുലർന്നീടും?''
മൂന്നു പെണ്മക്കഠം മൂത്തുനിന്നിരുന്നതിൽ രണ്ടും
താണ്ടുകളില്ലാതിന്നു മുരടിക്കവേ, വാര്യർ
കേണുകേണപേക്ഷിക്കും ദേവിതൻ തിരുമുമ്പിൽ
''കാണുവതില്ലേ,തായേ, ഞങ്ങടെ ദുരിതങ്ങഠം?''

*　　　*　　　*

ആയിടെ രാമൻപോററിയന്തരിച്ചുപോയ്പ്പുത്ര–
നായിയമ്പലത്തിങ്കൽശ്ശാന്തി ചെയ്യുവാനപ്പോഠം.
പോററിക്കു കന്നിക്കൊയ്ത്തു മോശമായ്; നെല്ലും തീന്തു
ചാക്കുമായാളെ വിട്ടു വാര്യർതൻ സമീപത്തിൽ.
എട്ടരപ്പറ നെല്ലുണ്ടങ്ങു രണ്ടരമാസ–
മെട്ടുമത്ത്യക്കുമൊരു ദേവിക്കും ഭുജിക്കുവാൻ.
വാരിയർ നടുങ്ങിപ്പോയ്: ''പോററിയിതോതീടില്ല;
ചോര കൺകളിലുള്ളോനിങ്ങനെ പറയില്ല.''
സാദ്ധ്യമല്ലിതെന്നോതി ഭൃത്യനെയയയ്ക്കുമ്പോഠം,
കാത്തുകൊള്ളുവാനായാളംബയോടപേക്ഷിച്ചു.
അമ്പതു വയസ്സോളമെത്തിച്ചൊരീവേലയ്ക്കീ–
സംഭവമന്ത്യം കുറിച്ചീടുമെന്നായാളോത്തോ?
അന്ത്യനൈവേദ്യത്തിന്നുള്ളരിയുംകൊണ്ടായാള–
ന്നമ്പലംവരെയെത്താനംബിക കനിഞ്ഞില്ല.
''വാര്യരേ, കഴകത്തിന്നിനിമേൽത്താൻ വേണ്ടെ''ന്നു
ക്രൂരമായ് പിന്നിൽനിന്നുമൊരു ഗജ്ജനം കേഠംക്കേ,
പാവത്തിൻ കയ്യിൽനിന്നും നിപതിക്കയായ് പാത്രം;
പാവപോൽ മലച്ചയാളി;രുഠം കൺകളിൽ മുററി.
കണ്ണുകഠം തെളിഞ്ഞപ്പോഠം തന്മുമ്പിൽ ക്ഷേത്രത്തിൻെറ
മണ്ഡപോപാന്തേ നിൽപൂ മറെറാരമ്പലവാസി.

ക്ഷുബ്ധനായയാളോടി; വാരിയത്തൊരമ്മയും
മക്കളും മുറവിളി കൂട്ടുവതയാൾ കേട്ടു.
എട്ടരപ്പറ നെല്ലും കൊണ്ടുപോയ് മഠത്തിലേ-
യ്ക്കെട്ടുപേർക്കിനിപ്പുലർന്നീടുവാനെന്തോ മാർഗ്ഗം?

* * *

ശംഖൊലി മുഴങ്ങുന്നു ക്ഷേത്രത്തി;ലതോടൊപ്പം
ശങ്കുവാര്യരിൽ ക്ഷുബ്ധചിന്തയും മുഴങ്ങുന്നു.
വാഴയ്ക്കു കുഴിവെട്ടും തുമ്പയും പൊക്കിക്കൊണ്ടു
വാരിയർ നാളേയ്ക്കുള്ള പദ്ധതി ചിന്തിക്കുന്നു:—
"അംബയീയെനിക്കിനി മേലിലീ മണ്ണാണല്ലോ
വമ്പനാം ശാന്തിക്കാരനെനിയ്ക്കീക്കൂറും തുമ്പ.
ഇന്നുതൊട്ടാരംഭിക്കും പദ്ധതി; ഞാനിത്തൊടി
പൊന്നാക്കും കണക്കതിനാരോടുമോതേണ്ടല്ലോ.
ഈ മണ്ണു, സേവിപ്പോർക്കു, നല്കീടും സ്ഥിരൈശ്വര്യം
കോവിലിലെഴും ബിംബമല്ലിവൾ കൃതജ്ഞയാം!"
ശംഖൊലി മുഴങ്ങുന്നുണ്ടമ്പലത്തിങ്കൽ നിന്നും
ശങ്കുവാരിയർക്കുള്ളു പുതുജീവിതാഹ്വാനം.


With compliments from

GANSONS PRIVATE LIMITED

POST BOX 5576

BOMBAY 14

Suppliers of 'GS' Gas Plants

and

Laboratory Equipments

to

CHRIST COLLEGE

IRINJALAKUDA

# വൈലോപ്പിള്ളിയുടെ കവിത.

(പി. നാരായണൻകുട്ടി, I B. Sc.)

കാല്പനികപ്രസ്ഥാനത്തിന്റെ സൗന്ദര്യധാരകളും സ്വപ്നസങ്കല്പങ്ങളും ചൊരിഞ്ഞൊഴിഞ്ഞ കാലം. തങ്ങളുടെ ചൂടേറിയ ജീവിതാനുഭവങ്ങൾ കുറിക്കുന്നതിനു പഴയ കവിതോപാധികളും കവിസങ്കേതങ്ങളും അശക്തങ്ങളെന്നുകണ്ട പുതിയ കവികൾ മൂർച്ചയേറിയ കരുക്കളന്വേഷിച്ചു പായുന്നു. അവർ സംസ്കൃതവൃത്തങ്ങളും പഴകിയ കവിസങ്കേതങ്ങളും ദൂരെ ത്യജിച്ച്, കൂടുതൽ ഗാനാത്മകമായ നാടോടിപ്പാട്ടുകളേയും പച്ച മലയാളപദങ്ങളേയും തിരക്കുന്നു. അങ്ങനെ ഒരു പരീക്ഷണഘട്ടത്തിലാണ്, തന്റെ ''മാമ്പഴ''വുംകൊണ്ടു ശ്രീ. വൈലോപ്പിള്ളി കവിതാരംഗത്ത് അരങ്ങേറിയതു്.

അന്നത്തെ കവികളെ അധികവുമാകർഷിച്ചതു് കേരളത്തിലെ പ്രകൃതിമനോഹാരിതയും സംസ്കാരവിശേഷതകളുമാണ്. എന്നാൽ വൈലോപ്പിള്ളിയുടെ കവിതയ്ക്കു വിഷയം നല്കിയതു് ഇവിടത്തെ തേക്കുപാട്ടുകാരും, കന്നിക്കൊയ്ത്തുകാരും, തിരുവാതിരയും, ഓണപ്പാട്ടുകാരും, ഓണക്കളിക്കാരും, തുയിലുണർത്തുന്ന കുറവന്മാരും മററുമാണ്. കേരളീയരുടെ ജീവിതത്തിന്റെ വിവിധവശങ്ങളെ അദ്ദേഹം തന്റെ കവിതകളിൽ പകർത്തി.

വൈലോപ്പിള്ളിയുടെ കവിതകൾക്കു ചില പ്രത്യേകതകളുണ്ടു്. വള്ളത്തോളിന്റെ രചനാമാധുര്യവും ആശാന്റെ ഭാവഗംഭീരതയും അതിൽ കാണാം. എന്നാൽ അതു് അനുകരണമല്ല. കവിയുടെ ആത്മാവും ആവിഷ്കരണോപാധിയും തമ്മിലുള്ള ഗാഢസമ്മേളനത്തിൽനിന്നും ഉയിർക്കൊള്ളുന്ന സജീവമായ സൗന്ദര്യം മുററിയതാണതു്. അതു സ്വന്തമാണ്; ആകയാൽ വ്യക്തിത്വമുള്ളതുമാണ്.

ചുററുപാടുമുള്ള ജീവിതത്തിന്റെ നിരീക്ഷണത്തിൽനിന്നും കവിക്കു ശക്തിയായ ജീവിതാനുഭൂതികളുളവാകുന്നു. ഇവ കവിപ്രതിഭയാകുന്ന മൂശയിൽവെച്ച് കാവ്യാനുഭൂതിയായി മാറുന്നു. അതിനു രൂപംകൊടുക്കുമ്പോഴാണ് കാവ്യമുണ്ടാകുന്നതു്. ആഴമേറിയ അനുഭൂതികളുള്ള ഒരു കവിയുടെ കവിത വായനക്കാരിലും തത്തുല്യമായ അനുഭൂതികളുണർത്തുന്നു. അതിനു കാരണം കവിയുടെ ആത്മാർത്ഥമായ ആവിഷ്കരണമാണ്. ഇതു് ഉത്തമകവിതയുടെ ലക്ഷണമാണ്. കവിയുടെ ആത്മാർത്ഥതകൊണ്ടുണ്ടാകുന്ന ഈ ഗുണം വൈലോപ്പിള്ളിക്കവിതകളിൽ കാണാം.

വൈലോപ്പിള്ളിയുടെ ഭാവപുഷ്ടമായ കവിത അനുവാചകനെ ചിന്തയിൽ ആഴ്ത്തുന്നവയാണ്; ഇരുത്തി ചിന്തിപ്പിക്കുന്നവയാണ്. അതിനാൽ ഓരോ വരിയും വായിക്കുമ്പോൾ നല്ലവണ്ണം ധ്യാനിച്ചുകൊണ്ടുവേണം,'നുണഞ്ഞിറക്കിക്കൊണ്ടുവേണം' മുന്നോട്ടു പോകുവാൻ; അതൊരിക്കലും വ്യർത്ഥമാവില്ലാകുകയില്ല.

മനുഷ്യവീര്യത്തിന്റെ ഗായകനാണ് ശ്രീ. വൈലോപ്പിള്ളി.

ജീവിതത്തിൽനിന്നും അടർത്തിയെടുത്ത സംഭവങ്ങളിൽക്കൂടി കവി ജീവിതമൂല്യത്തെ ദർശിക്കുന്നു. അങ്ങനെ വിശേഷത്തിൽനിന്നും സാമാന്യത്തിലേക്കു കടക്കുന്നു. മനുഷ്യന്റെ സർഗ്ഗചൈതന്യം പ്രതിബന്ധങ്ങളെയെല്ലാം തട്ടിയുടച്ചു വിജയിക്കുന്നതായി വൈലോപ്പിള്ളിയുടെ മിക്ക കവിതകളിലും കാണാം. 'മല തുരക്കലി'ൽ അദ്ദേഹം വൃദ്ധന്റെ മകനെക്കൊണ്ടു പറയിക്കുന്നു,

''.........ഞാൻ വിശ്വസിക്കുന്നു
മർത്ത്യവീര്യമീയദ്രിയെവെല്ലും
കാരിരുമ്പിനും കല്ലിനും മീതേ
നീറിനില്പീലേ പൗരുഷനാളം.''

മാനവപുരോഗതിയുടെ വിലയിരുത്തലാണ് അദ്ദേഹം ''പന്തങ്ങളിൽ'' ചെയ്യുന്നതു്. മാനവജീവിതത്തെക്കുറിച്ചുള്ള ഒരഗാധബോധം, പ്രതിബന്ധങ്ങളെ നിമ്മാജ്ജനംചെയ്തു വിജയത്തിലേക്കു കുതിക്കുന്ന അവൻെറ സൎഗ്ഗചൈതന്യത്തിലുള്ള വിശ്വാസവും ബഹുമാനവും വായനക്കാരിലുണർത്തുവാൻ പര്യാപ്തമാണ് 'പന്തങ്ങൾ.'

കവിത ജീവിതത്തിന്നു് ആരോഗ്യകരമായ ഒരു സന്ദേശം നല്കുന്നതായിരിക്കണം. ഈ കാര്യത്തിൽ വൈലോപ്പിള്ളി പ്രത്യേകം ശ്രദ്ധചെലുത്തുന്നതായി കാണാം. ഒരുപക്ഷെ, ശുഭാപ്തിവിശ്വാസകരമായ ഒരു സന്ദേശം നല്കാത്തതുകൊണ്ടായിരിക്കാം തൻെറ ഭാവഗുരുവായ ആശാൻെറ 'വീണ പൂവു്' വൈലോപ്പിള്ളിക്കു 'പഥ്യ'മാകാതിരുന്നതു്.

മനുഷ്യത്വത്തെ, അഥവാ ''പൂർണ്ണതയിലേക്കു വളരാൻ വെമ്പുന്ന ദേവത്വത്തെ'' ഉത്തേജിപ്പിക്കുന്നവയാണ് വൈലോപ്പിള്ളിയുടെ കവിതകൾ. ബുദ്ധിമുട്ടുകളെ നേരിട്ടു്, നിരാശനാകാതെ ശുഭാപ്തിവിശ്വാസത്തോടെ മുന്നോട്ടു പോകുവാനുള്ള ഒരുദ്ബോധനം അദ്ദേഹത്തിൻെറ മിക്ക കവിതകളിലും കാണാം. ദുഃഖത്തിൽപോലും ചിരിക്കാൻ കഴിയുന്ന കേരളീയർ ആ ഗുണം കൈവിടാതിരിക്കട്ടെ എന്നു കവി ആത്മാൎത്ഥമായി പ്രാൎത്ഥിക്കുന്നു.

എന്നാൽ, പ്രവൎത്തിക്കാതെ നന്മ വരുമെന്നുവിചാരിച്ച് അലസമായി ജീവിതം നയിക്കുവാനല്ല അദ്ദേഹത്തിൻെറ കവിതകൾ ഉദ്ബോധിപ്പിക്കുന്നതു്. ജീവിതയുദ്ധത്തിൽ,

''നാമടരാടിയേ തീരൂ വൃഥാ
നാമം ജപിക്കുമാൾ ഭീരു''

എന്നിങ്ങനെ പ്രവൃത്ത്യുന്മുഖമാക്കിക്കൊണ്ടുള്ള ഒരു പ്രോത്സാഹനമാണ് അദ്ദേഹത്തിൻെറ കവിതകൾ നല്കുന്നതു്.

സ്വാതന്ത്ര്യം കിട്ടിയതുകൊണ്ടായില്ല. അതു നമുക്കു വിശാലമായ ഒരു പ്രവൃത്തിപദ്ധതി തുറന്നുതരിക മാത്രമേ ചെയ്തിട്ടുള്ളു. അതിനാൽ ''പ്രഭാതഗാന''ത്തിൽ കവി പറയുന്നു,

''ഇക്കണക്കിലെത്തു മുക്തി-
ഗോപുരം കടക്കണം
മക്കൾ നമ്മൾ പൂകുവാൻ
സമത്വസുന്ദരാങ്കണം
തൂക്കൊടിക്കു ജീവവായു
പണയമാക്കിയെത്തുകാ-
ട്ടിക്കിലേക്കു വീരതാത-
ഖഡ്ഗമേറെറടുത്തുനാം.''

ഉത്കൃഷ്ടഭാവങ്ങൾ ഉൾക്കൊള്ളുന്നവയാണ് വൈലോപ്പിള്ളിക്കവിതകൾ. അവയിൽ സത്യാസത്യങ്ങളെ വിവേചിച്ചറിയാനും, ബലദൌൎബ്ബല്യങ്ങളെ വേർതിരിക്കാനും, കഴിവുള്ള ഒരു ദശ്നം അന്തഭവിച്ചിരിക്കുന്നതായി കാണാം. വൈലോപ്പിള്ളിയുടെ ദശ്നങ്ങൾക്കു സൎഗ്ഗാത്മകപരിണാമവാദ (Creative Evolution) ത്തോടു കുറേ സാമ്യമുണ്ടെന്നു ശ്രീ. കൈനിക്കര കുമാരപിള്ള പറഞ്ഞിരിക്കുന്നു.

ജീവിതത്തെക്കുറിച്ചുള്ള ആധുനിക ചിന്താഗതികളും വൈലോപ്പിള്ളിയുടെ കവിതകളിൽ കാണാം. കാലത്തിന്നനുയോജ്യമാണവ. പുതിയ ലോകസൃഷ്ടിയെ ഉദ്ദേശിച്ച് അവ നിലകൊള്ളുന്നു. ഈ യുഗത്തിൽ സ്വപ്നദേവതകളല്ല, മണ്ണിൽ വളം വദ്ധിപ്പിക്കുകയെന്ന ഉപകാരം ചെയ്യുന്ന ഞാഞ്ഞൂളുകളാണ് ആരാധ്യങ്ങളായിരിക്കുന്നതെന്നു് അദ്ദേഹം ''സപ്പക്കാട്ടു്'' എന്ന കവിതയിൽ വ്യക്തമാക്കുന്നു. വേണാട്ടരചൻെറ കൊട്ടാരത്തിലെ ലാസ്യനൃത്തങ്ങളേയും, എട്ടു വീടരുടെ വഞ്ചനാവൃത്തികളേയും വണ്ണിച്ച് അവസാനം കവി സങ്കല്പലോകത്തിൽനിന്നും യഥാൎത്ഥലോകത്തിലേക്കു് ഇറങ്ങി കാഴ്ചയെല്ലാം കണ്ടറിഞ്ഞശേഷം,

''ഏതുമേ ക്ലേശലിപ്ലാതെ നടന്നു ഞാൻ
നൂതനജീവിതാഹ്ലാദമദത്തോടേ
കല്ലുകണക്കായ്ച്ചമഞ്ഞൊരെൻ മാനസം
വെല്ലുവിളിച്ചു വിപത്തിനെയൊക്കെയും!''

എന്നു പാടുന്നു.

ധ്വന്യാത്മകമാണു വൈലോപ്പിള്ളിയുടെ കവിത. അതിലെ പ്രതിപാദനരീതി വ്യക്തിത്വമുള്ളതാണ്. പദസംവിധാനത്തിൽ കവി അത്യധികം ശ്രദ്ധിക്കുന്നതായി കാണാം. സ്വകവിതയിലെ അലങ്കാരസമൃദ്ധിയുടെ കാരണത്തെപ്പററി കവിതന്നെ ഇങ്ങനെ പറഞ്ഞിരിക്കുന്നു. "സത്യവും സൗന്ദര്യവും തമ്മിലുള്ള പരിണയമാണു കവിത. അവിടെ അലങ്കരണങ്ങളുണ്ടാകും." അതൊരു പോരായ്മയായി ആ കലാകാരൻ എണ്ണുന്നില്ല. കൃത്രിമമല്ലാത്തിടത്തോളം, അലങ്കാരങ്ങൾ കാവ്യശോഭാവർദ്ധകമാണ്. തെളിഞ്ഞ ഭാവനയിൽനിന്നേ നിറമിയന്ന അലങ്കാരങ്ങൾ വാൻവീഴുകയുള്ളു. ഭാവാനുസരണം ശബ്ദരചന ചെയ്യുന്നതുകൊണ്ടു കവിയുടെ ആത്മാർത്ഥത കവിതകളിൽ തുടിക്കുന്നു.

അനുവാചകനിൽ ഭാവദീപ്തിയും യാഥാർത്ഥ്യബോധവും ഉളവാക്കുന്നതിന്, വിരുദ്ധഭാവങ്ങളെ ഇണക്കി പ്രതിപാദിക്കുന്ന ഒരു രീതി വൈലോപ്പിള്ളി പലയിടത്തും സ്വീകരിച്ചിരിക്കുന്നു. 'മല തുരക്കലി'ൽ വൃദ്ധന്റെ നിരാശാസങ്കീർണ്ണമായ ജീവിതവീക്ഷണവും, യുവാവായ മകന്റെ ആവേശദീപ്തിയും ആത്മവിശ്വാസവും ഉൾക്കൊണ്ട ശുഭാപ്തിവിശ്വാസവും നാം കാണുന്നു. അതിൽ കവി വിശ്വസിക്കുന്ന ഭാഗം—യുവാവിന്റെ വശം—കൂടുതൽ തേജസ്വിയായിരിക്കുന്നു.

"വീണ്ടും പൊട്ടിയ പുണ്ണുകൾ പോലെ
നീണ്ട് കിടങ്ങുകൾതൻ നടുവിൽ
ചേറും മഞ്ഞും ചോരയുമിഴുകി–
ച്ചേരും മാനവ രണഭൂവിൽ
അഞ്ചിത നീലക്കണ്ണുതുറന്നു
പുഞ്ചിരി തൂകിന പൂക്കാലം.

എന്നിങ്ങനെ പടക്കളത്തിലെ പൂമ്പാററയിലും

"ആഹവരക്തക്കളങ്ങളിൽ കാണായി
ലോകസമാധാന മാടപ്പിറാവിനെ"

എന്നിങ്ങനെ 'ശിബിയില്ല' എന്ന കവിതയിലും കവി വിരുദ്ധഭാവങ്ങളെ ആവിഷ്ക്കരിക്കുന്നു.

ഏററവും ചുരുങ്ങിയ വാക്കുകളിൽ, കഴിയുന്നതും കാവ്യാത്മകമായി ഉള്ളതു തുറന്നു പറയുക എന്ന നയമാണ് വൈലോപ്പിള്ളിയുടേതു്. അലങ്കാരങ്ങളും അനുഭൂതിയും ഒരിടത്തും വേറിട്ടു നില്ക്കുകയില്ല. അവ, തോളോടുതോളുരുമ്മി അണിനിരക്കുന്നു. ചിലപ്പോൾ സംഭവങ്ങളും കാര്യങ്ങളും വ്യംഗ്യമായി പ്രതിപാദിക്കുന്ന രീതി അസൂയാർഹമത്രെ.

"പണ്ടു പിതാമഹർ കാട്ടിൻനടുവിൻ
ചിന്തകളുരസിട്ടമക്കാലം" (പന്തങ്ങൾ)

'ഏട്ടനു പേടി കിളിത്തിതു മെയ്യിൽ'
(സർപ്പക്കാട്)

പ്രതിപദം കാവ്യാത്മകമാണ് വൈലോപ്പിള്ളിയുടെ കവിത. എന്നും കാവ്യകലാതേജസ്സിന്റെ പരിവേഷമണിയിച്ചുപറയാൻ അദ്ദേഹം ശ്രദ്ധിക്കുന്നു.

"മേട്ടുതോറമ്മുളക്കൾതൻ പിമ്പേ
മേഞ്ഞുമേഞ്ഞുപോയെത്രയോ നാൾകൾ"
(മല തുരക്കൽ)

"ഓമൽക്കൈരളി ചാർത്തട്ടേ, ഞാ–
നോണക്കവിതക്കിഴനെയ്യേ,
നന്നോ ദുർഘട,മെന്നയൽവക്കിൽ
പൊന്നോണക്കളിയാരംഭം.

* * *

പൊൻകസവിഴയും പൊട്ടിച്ചങ്ങോ–
ട്ടെൻകരളോടി തെമ്മാടി"

എന്നിവ വൈലോപ്പിള്ളിയുടെ കാവ്യാത്മകമായ ആവിഷ്ക്കരണത്തിന് ഉദാഹരണങ്ങളാണ്.

കേരള സംസ്ക്കാരമാണ് വൈലോപ്പിള്ളിക്കവിതകളിൽ പ്രതിബിംബിക്കുന്നതു്. തുയിലുണർത്തലും, ഓണപ്പാട്ടുകാരും മററും കേരളത്തിന്റെ പ്രത്യേകതകളാണ്. മനുഷ്യവർഗ്ഗപ്രേമവും, ശാസ്ത്രീയഗവേഷണവും, ജീവിതനിരീക്ഷണവും വൈലോപ്പിള്ളിക്കവിതകളിൽ കാണാം. ചുരുക്കത്തിൽ പുതുമനിറഞ്ഞ "കൈരളിയുടെ തളരാത്ത കാമുകനാണ്" വൈലോപ്പിള്ളി.

# അഴകിന്റെ നാട്ടിൽ.

*(എ. വി. ഔസേപ്പ്, I B. Sc.)*

(കനകച്ചിലങ്ക കിലുങ്ങി കിലുങ്ങി—എന്ന മട്ടു്.)

കനകക്കതിരണിയണിയായ് വയലുകൾ നീളേ
മണമണിമാരുതനിൽ മതികവന്നാടി.
തെളിനീർച്ചെറുതോടുകളതിനിടയിൽക്കൂടി
കളകളം പെയ്തുകൊച്ചലയിട്ടിട്ടോടി.
നിനവിന്റെ തന്ത്രികളിൽ ശ്രുതി കൂട്ടമേതോ
നിരഘതരം ഗാനങ്ങൾ ഖഗഗണം പാടി.
വയൽവക്കിൽപ്പൂക്കൈതനിരകളിലായി
വെളുവെളെച്ചില വെള്ളിനാളങ്ങൾ പൊന്തി.
മമ മലനാടിന്റെ മഹിതോത്സവമെത്തി
മലയാളം ചിങ്ങപ്പൊലിമയിൽ തത്തി.
അതുനോക്കു! ഗഗനമണിമുററത്തിലാരാ—
ണതി സുന്ദരമൊരു 'പുതിയ പൂന്തറ തീർത്തു'.
ഒളിചിന്നുമോണപ്പുടവയണിഞ്ഞ
മുകിലുകൾക്കെന്തെന്തൊരുല്ലാസമേളം!
അതു കണ്ടുനില്ക്കും മതിലേഖപോലും
മറയുവാനല്പം മടികാട്ടി നില്പൂ.
അഴലിൻ കരി ചെളിയൊക്കെ കഴുകിക്കളഞ്ഞു
അഴകിൻമൃദുപൂമ്പട്ടു സാരിയണിഞ്ഞു.
അനുദിനവും നവനവമാം രമണീയത ചാർത്തും
മമ നാടുപോലൊന്നിന്നെവിടെക്കണ്ടെത്തും?
അതിലെ ഋതുഭാവങ്ങൾ മാറുന്നതിനൊപ്പം
മതിമറന്നെൻ ഹൃദയവുമാടുന്നിതൊപ്പം.

മഴവില്ലിൻ പ്രഭയണിയും കരിമുകിലിലാരോ
പുതുമിന്നൽക്കൊടിയെത്തിച്ചിരി പകരും നേരം
തിരയിട്ടു തിരയിട്ടു തൊടികളിൽപ്പോലും
കലുഷം കടുവർണ്ണമെഴും മലവെള്ളമെത്തി
ഇടയിടയിലതു കൊടുംകാററിൽക്കലമ്പി;
ഇടയിടെയതിൽ വെള്ളിയലകൾ തുളുമ്പി;
ശൈശവ ഹൃത്തിൽപ്പുതുമോദത്തിര ചേർത്തോ—
രതുല തുലാവർഷക്കാലം തിമിർത്തു.
തരുനിരകളഖിലം തളിരൊളിയിൽത്തിളങ്ങി
കളകണ്ഠം മധുരരസം ഗാനം തുടങ്ങി;
മഞ്ജുളചന്ദ്രികച്ചാറിൽ നീരാടി
മഞ്ഞിൻ വെൺപട്ടു ചേലയണിഞ്ഞു;
മധുതൂകും മഞ്ജരികൾ പുരികുഴലിൽ ചേർത്തു
കനകമണിക്കങ്കണം കൈകളിലിട്ടു;
മൃദുമാരുതലോളിത ലതകളിലാടി
മൃദുലാംഗിയാതിരക്കന്യതൻ വരവായ്—
കളിയാടുക കേരളമേ കമനീയത തൂവി
കരളിലൊരായിരമനുഭൂതികൾ പാവി.
അനുനിമിഷമേതോ വിഷാദാത്മകത്വം
കരിനിഴൽ വീശുന്ന മന്മൃദുയിത്തം
തെളിയട്ടേ തെളിയട്ടേ മലനാടേ നിന്റെ
തരളോജ്ജ്വല സുന്ദര കാന്തിയിൽ നീന്തി.

താരുണ്യത്തുടുപ്പാന്നു നിങ്ങൾതൻ മുഖത്താത്രേ
തായയാം ധരിണിതന്നാശതങ്കിനനോട്ടം!
വ്യായാമസുദൃഢങ്ങളാകുവിൻ ബാഹുക്കളി;—
ഞ്ഞായിരക്കണക്കിനുണ്ടിവയാൽത്താങ്ങേണ്ടുന്നോർ. (വള്ളത്തോൾ)

# വൈരൂപ്യത്തിൻെറ വിതുമ്പലുകൾ.

(സി. കെ. രവി, P. U. C)

"ഞാൻ വിരൂപയാണ്. കറുത്തു വസൂരിക്കലകൊണ്ട് ആവൃതമായ മുഖവും തടിച്ചു കീഴ്പ്പോട്ടു തൂങ്ങിക്കിടക്കുന്ന ചുണ്ടും കുറുകിയ കണ്ണുകളുമുള്ള എന്നെ നോക്കി എല്ലാവരും പരിഹസിക്കാറുണ്ട്. ശരിയാണ്. ഞാൻ വൈരൂപ്യത്തിൻെറ മകുടോദാഹരണമാണ്.

"എൻെറ ഹൃദയം വിങ്ങിപ്പൊട്ടുകയാണ്. എനിക്ക് ഒരു സുഹൃത്തോ സ്നേഹിതയോ ഇല്ല. സ്നേഹിക്കുവാനോ സ്നേഹിക്കപ്പെടുവാനോ ഉള്ള ഭാഗ്യം എനിക്കു നിഷേധിക്കപ്പെട്ടിരിക്കുകയാണ്. ഹോ! സ്നേഹം ഇല്ലെങ്കിൽ എങ്ങിനെ ലോകം നിലനില്ക്കും?

"എൻെറ വീട്ടിൽ ഞാനൊരു തോട്ടം നിർമ്മിക്കുകയാണ്. കുരുന്നു പൂച്ചെടികൾ നട്ടു. അവ വസന്തംവരുമ്പോൾ പൂക്കളുടെ ഭാരംകൊണ്ട് ലജ്ജിതയായ നവവധുവിനെപ്പോലെ തല കുനിച്ചുനില്ക്കും. അതുകണ്ടെനിക്ക് ആനന്ദനിർവൃതി അടയാം. എല്ലാ സുന്ദരവസ്തുക്കളും ആനന്ദം നല്കുന്നവയാണ്.

"ഞാൻ ഏകയാണ്. ഞാൻ ദിനരാത്രം പാടുപെട്ടു, എൻെറ തോട്ടത്തിന്നുവേണ്ടി. ദിവസവും പുതിയ ചെടികൾ വെച്ചുപിടിപ്പിച്ചു. അവയ്ക്കു വെള്ളമൊഴിച്ചു. അവയെ കാത്തുരക്ഷിച്ചു. ഓ! വസന്തംവന്നെങ്കിൽ.

"മഞ്ഞുകാലം വന്നുചേർന്നു. പൂന്തോട്ടത്തിലെ കുരുന്നുചെടിത്തലപ്പുകൾ മഞ്ഞുതുള്ളികളുടെ ഭാരംകൊണ്ട് നിലം മുട്ടിക്കിടന്നു. ഉദയസൂര്യൻെറ കിരണങ്ങൾ ആ നീഹാരകണങ്ങളിൽ പത്മരാഗങ്ങൾ നിർമ്മിച്ചു. പക്ഷെ അവ ഉച്ചസ്സൂര്യൻെറ സാന്നിദ്ധ്യത്തിൽ മിന്നൽപോലെ മാഞ്ഞുപോയി. ചെടികളിലെ ഇലകൾ കൊഴിഞ്ഞു. വെറും ശാഖകൾ മാത്രമായി നഗ്നമായി നില്ക്കുന്ന ആ ചെടികളെ നിശാവേളകളിൽ പ്രകൃതി മഞ്ഞിൻെറ പട്ടുകുപ്പായം അണിയിച്ചിരുന്നു. പ്രഭാതത്തിൽ ആപാദശുഭ്രകളായിനില്ക്കുന്ന അവയെ കാണുമ്പോൾ എൻെറ ഹൃദയം പുളകച്ചാർത്തണിയാറുണ്ട്. വസന്തം വരാറായി.

"മഞ്ഞുകാലം പോയി. വസന്തകാലം ആരംഭിച്ചുകഴിഞ്ഞു. പക്ഷെ എൻെറ പൂന്തോട്ടത്തിലെ ചെടികൾ മാത്രം പൂവണിഞ്ഞില്ല. ചുററുപാടുമുള്ള പൂവാടികളിലെ പുഷ്പങ്ങൾ സുഗന്ധം പരത്തിയിരുന്നു. അവിടെയുള്ള ചെടികളുടെ കൊമ്പിൽ ഇരുന്നു് രാക്കുയിലുകൾ പാടിയിരുന്നു. എന്നിട്ടും എൻെറ മലർക്കാവിൽ മാത്രം വസന്തം വന്നില്ല—എൻെറ വൈരൂപ്യത്തെ, ഒരുപക്ഷെ അതുകൂടി വെറുത്തുകാണും.

"എൻെറ പൂവാടികയിലെ ചെടികൾ വാടുവാൻ തുടങ്ങി. മഞ്ഞുകാലത്തു് ഇലകൾ പൊഴിച്ചപ്പോൾ എത്രയെത്ര ഓമൽക്കിനാവുകൾ കണ്ടിരിക്കാം അവ. 'വസന്തം വരും. പൂക്കൾ വിടരും. അവയുടെ നറുമണം സ്വദിച്ചു മദോന്മത്തരായ ഭൃംഗങ്ങൾ ചുററും മൂളിപ്പാട്ടു പാടിക്കൊണ്ട് പറന്നുനടക്കും. പൂങ്കുയിലുകൾ ചില്ലകളിൽ തത്തിക്കളിച്ചുനടക്കും. രാക്കുയിലുകൾ ശാഖകളിൽ കൂടുകെട്ടും. അവിടെനിന്നും ഉതിരുന്ന സ്വരരാഗസുധ ആരാമത്തെ ആകമാനം പുളകംകൊള്ളിക്കും.

"എത്രയെത്ര മനോഹരങ്ങളായ പ്രതീക്ഷകൾ, എന്തെന്തു സുന്ദരങ്ങളായ സ്വപ്നങ്ങൾ.

പക്ഷെ ആ പ്രതീക്ഷകളുടെ മാരിവില്ലു മാഞ്ഞുപോയി, സ്വപ്നങ്ങളുടെ വല്ലരി വാടിപ്പോയി.

ഒരുപക്ഷെ അതിനെല്ലാം കാരണമായ എൻെറ വൈരൂപ്യത്തെ അവയും വെറുക്കുന്നുണ്ടാവാം.

"ഹാ! എന്താണത്? എൻെറ കണ്ണുകളിൽ അമൃതു കോരിയൊഴിക്കുന്ന ആ ഗാനധാര എവിടെനിന്നാണ്? എന്ത്? എൻെറ പൂന്തോട്ടത്തിൽനിന്നോ? വസന്തംപോലും ഒഴിവാക്കിയിട്ടിരിക്കുന്ന എൻെറ ആരാമത്തിൽ ഒരു രാക്കിളി എത്തിയിരിക്കുന്നു. കുരുന്നു പനിനീർച്ചെടിയുടെ കൊച്ചു ചില്ലമേൽ ഇരുന്ന് ഒരു ചെറിയ രാക്കിളി മധുരസംഗീതം ആലപിക്കുകയാണ്. ഇതിനുമുമ്പൊരിക്കലും ഈ രാക്കിളി ഇങ്ങിനെ പാടിയിട്ടുണ്ടായിരിക്കുകയില്ല. ഇല്ല. ഇതിനു മുമ്പ് ഇത്ര മനോഹരമായി ഒരു രാക്കിളിയും പാടിയിട്ടില്ല. ഞാൻ ആ ചെടിയുടെ ചുവട്ടിൽ മുട്ടുകുത്തിയിരിക്കുകയാണ്. ഈ വിശാലമാകെ സംഗീതത്തിൻെറ ഒരൊഴുക്കാണ്! അത് എന്നേയും വഹിച്ചുകൊണ്ട് ഏതോ ഗന്ധർവ്വലോകത്തിലേക്ക് ഉയരുകയാണ്!! ആ രാക്കിളിക്കെങ്കിലും എൻെറ ഹൃദയത്തിൻെറ വിതുമ്പലുകളെ കാണുവാൻ സാധിച്ചല്ലോ? അതിനെങ്കിലും എന്നെ സമാധാനിപ്പിക്കുവാൻ തോന്നിയല്ലോ! ഹോ! ആ രാക്കിളി എന്തു മാതിരിയാണ് പാടുന്നത്! അതിൻെറ കരൾ പൊട്ടിപ്പോകുമോ? ഹാ! ആ പനിനീർച്ചെടിയിൽ ഇലകൾ കിളിർക്കുന്നു! ആ ഗാനധാര എന്നെ ഏതോ സ്വപ്നലോകത്തിലേക്കുയർത്തുകയാണ്!! അതാ പനിനീർപ്പൂവുകൾ വിടരുന്നു!! ഹാ! അവസാനം എൻെറ വാടികയിലും വസന്തം വന്നു! അല്ല! ആ രാക്കുരുവി പാടിപ്പാടി വസന്തം വരുത്തി!! ഞാൻ ആ അപ്സരോലോകത്തിലേക്കുയരുകയാണ്!!! കരൾ പൊട്ടി പാടുന്ന ആ രാക്കുയിലിൻെറ ഗാനം മാത്രം കേൾക്കാം!!!........അതിപ്രകാശമാനമായ ഒരു പ്രഭാപൂരം മാത്രം ദൃശ്യമാണ്!!! എന്താണത്?........ എന്താണത്?........എന്താ........ണ........"

"ആ ആരാമത്തിലും അവസാനം വസന്തം വന്നു. അതിലെ ചെറിയ പനിനീർച്ചെടിയുടെ ചുവട്ടിൽ ആ ആരാമത്തിൻെറ ഉടമസ്ഥ നഷ്ടചേതനയായി ശയിക്കുന്നുണ്ട്. അവളുടെ മാറിൽ ഒരു കുരുന്നു രാക്കുരുവി അന്ത്യവിശ്രമം കൊള്ളുന്നുണ്ട്. പൂങ്കാവനത്തിലെ അന്തേവാസികൾ പുഷ്പാർച്ചനകൊണ്ട് അവൾക്കന്ത്യോപഹാരം ചെയ്തിരുന്നു." പൂവാടിയിലേക്കെത്തിച്ചുനോക്കിയ ചില പഥികന്മാർ വർണ്ണിച്ച രംഗമാണത്.

ഇല്ലേവന്നും മുഴുവനഴലായ്
മന്നിൽ വർഷാഘനത്താ—
ലല്ലേശീട്ടും നടുനിശയിലും
കൊള്ളിമീനുള്ളതല്ലോ.

(ഉള്ളൂർ)

# ഈശ്വരാരാധന.

(ഏ. കെ. ജോൎജ്ജ്)

1. നിരന്നുനിന്നു ഞങ്ങളിന്നു പാടിടുന്നു ദൈവമേ!
നിരന്തരം നിനക്കു പുണ്യകീൎത്തനങ്ങളെങ്ങുമെ.
നിനച്ചുനിന്നനന്തനന്മ, നീതിസാര സൎവ്വമേ,
നിതാന്തമായ ഗീതകങ്ങളാലപിപ്പു ദൈവമേ!

2. പറന്നുയൎന്നു വാനിലുല്ലസിച്ചിടുന്ന പക്ഷിയും,
പതുങ്ങി ഭൂമിയിൽ ചരിച്ചിടുന്ന ജന്തുജാലവും,
പടൎന്നു പന്തലിച്ചു പച്ച കാട്ടിടുന്ന വല്ലിയും,
പരക്കെ നിൻ മഹത്വമോതിടുന്നതോൎക്ക ദൈവമേ!

3. പതഞ്ഞുപാലുപോലെ,പാഞ്ഞുപോയിടുന്നൊരാറതും,
പരന്നു താന്നുയൎന്നു പോന്നിടുന്നൊരാഴി വീചിയും,
പതച്ചു പാരമാഴിയിൽക്കഴിച്ചിടുന്ന മത്സ്യവും,
പവിത്രമോൎക്കിലോതിടുന്നുതേ പുകഴ്ച ദൈവമേ!

4. അനക്കമൊട്ടുമേശിടാതെയുജ്ജ്വലിക്കുമൎക്കനും,
അനുഷ്ണരശ്മിരാത്രിയിൽ പൊഴിച്ചിടുന്ന ചന്ദ്രനും,
കനത്ത ഭൂതി കാഴ്ചവെച്ചു ഭക്തരത്നഗൎഭയും,
വണക്കമോതിടുന്നു തേ നിരന്തമായി ദൈവമേ!

5. ഉയൎന്ന വാനിലെങ്ങുമുള്ള ചാരുതാരകങ്ങളും,
വിടൎന്നു ഭൂമിയിൽ ലസിക്കുമായിരം സുമങ്ങളും,
നികന്ന ഭംഗിയാൎന്നൊതുങ്ങിനിന്നിടും ഗ്രഹങ്ങളും,
കലൎന്നുചേൎന്നു നിൻ മഹത്വമാലപിപ്പു ദൈവമേ!

6. വരങ്ങളാലലംകൃതാഭമാൎന്ന മോക്ഷവാസികൾ
വണങ്ങിനിന്നെയാദരിച്ചിടുന്നു മുക്തിമാൎഗ്ഗമെ!
വരം ഭുജിച്ചു നിന്റെയന്തികത്തിരുന്നു സന്തതം
അത്രുപട്ടതരായിരങ്ങളുല്ലസിപ്പു ദൈവമേ!

7. സമസ്ത സൃഷ്ടിജാലവും സരിത്തുപോലെ വന്ദനം
സമൎത്ഥമായൊഴുക്കിടുന്നു നിന്നിലേയ്ക്കു ദൈവമേ!
അണഞ്ഞിടാത്ത മോദമോടടുത്തു ഞാനുമങ്ങയെ
നമിപ്പു,ഞാൻ നമിപ്പു;നീ നയിക്കയെന്നെ ദൈവമേ!

ചെറുകഥ.

# "അറിയപ്പെടാത്ത മനുഷ്യൻ".

*(സി. കെ. പുഷ്പേന്ദ്രൻ, P. U. C)*

"അല്ല. അങ്ങ് ഇനിയും പോകാനൊരുങ്ങുന്നില്ലേ ?" നളിനിയുടെ ശബ്ദം കേട്ടാണ് ഞാൻ ചിന്തയിൽ നിന്നുണർന്നത്. "ഇന്നെന്താ പതിവില്ലാത്ത ഒരാലോചന. മണി നാലാവാറായി. മററുള്ളവരെല്ലാം എത്തിക്കാണും."

വാസ്തവം. ഇന്നെൻെറ സഹപ്രവർത്തകർ എനിക്ക് അതിഗംഭീരമായ ഒരു യാത്രയയപ്പു നല്കുവാൻ തീരുമാനിച്ചിരിക്കുന്നു. അഞ്ചുമണിക്കുകം അവിടെ എത്തിച്ചേരണം.

"ഒന്നുമല്ല. പഴയ ചിന്തകൾ എൻെറ മനസ്സിലങ്ങിനെ ഇരമ്പിക്കയറുന്നു."

"എന്തി നീ ശവക്കുഴി മാന്തുന്നു ?"

"നളിനീ! ഞാനിതിനെല്ലാം അർഹനാണെന്നു് നിനക്കു തോന്നുന്നുണ്ടോ ?"

"എൻറീശ്വരാ, ഇങ്ങിനെ ചിന്തിച്ച് മനസ്സു പുണ്ണാക്കുന്നതെന്തിനാണ്?"

"ശരി. നീ വേഗം ഒരുങ്ങ്."

"എനിയ്ക്കെന്തിരിക്കുന്നു ഒരുങ്ങാൻ"

"ശിവൻ ഇതേവരെ വന്നില്ലേ ?"

"അവൻ കുറച്ചു വൈകിയേ വരൂ എന്നു പറഞ്ഞാ പോയത്, ഞാനിതാ വരുന്നു."

വീണ്ടും ഞാൻ ചിന്തയിലേക്കു വഴുതി വീണു. എനിക്കു ചിന്തിക്കാതിരിപ്പാൻ കഴിയുന്നില്ല. ആ സംഭവങ്ങൾ ഒരു വെള്ളിത്തിരയിലെന്നപോലെ എൻെറ മുമ്പിലേക്കു പാഞ്ഞു വരുന്നു. ആ മഹനീയ ദിനം ഞാനെങ്ങിനെ മറക്കും. ആ മഹാത്മാവിനെപ്പററി—എനിക്കു മനുഷ്യത്വം നല്കിയ ആ മനുഷ്യനെപ്പററി—എങ്ങിനെ ചിന്തിക്കാതിരിക്കും?

ഞാനെന്തിനുവേണ്ടിയാണ് ഡോക്ടറായതു്? ആക്കുവേണ്ടിയാണ്? അന്നത്തെ എൻെറ ആഗ്രഹങ്ങളെന്തെല്ലാമായിരുന്നു?

പണം സമ്പാദിക്കുവാൻ, യൌവനയുക്തകളായ സ്ത്രീകളെ കണ്ടാസ്വദിക്കുവാൻ, കഴിയുമെങ്കിൽ മലിനപ്പെടുത്തുവാൻ, കഷ്ടം! ഇവയല്ലേ, എന്നെ ഡാക്ടറാകാൻ പ്രേരിപ്പിച്ചതു്?

ഒരുവിധം M. B. B. S. പാസ്സായി. ഏറെത്താമസിയാതെ സക്കാർ ജോലിയും കിട്ടി. പണം സമ്പാദിക്കുവാനുള്ള ആഗ്രഹം അടിക്കടി വദ്ധിച്ചു. മരണത്തിൻെറ വക്കത്തെത്തിയ കേസുകൾ വന്നാലും കണക്കു പറയാതെ പോയിട്ടില്ല. "അയ്യോ, ഏമാനേ, ഞങ്ങൾ പാവങ്ങളാണേ." എന്നു പറയുമ്പോൾ "ഫാ" നിൻെറ പ്രാരബ്ധം പറയുവാനാണോ ഇങ്ങോട്ടു് എഴുന്നള്ളിയതു്?" എന്നു പറഞ്ഞു് ആളെ മടക്കിയ സംഭവങ്ങൾ എത്രയാണ്.

എന്നെ സ്ഥലം മാററുമ്പോഴെല്ലാം ആളുകൾക്കു വലിയ ആശ്വാസമാണ്. ആ കാലൻ മാറിപ്പോയല്ലോ എന്നു് അവർ പറയുമായിരുന്നു. ചെല്ലുന്നിടത്തെല്ലാം ഞാൻ ദുർയ്യശസ്സു നേടി. മൂത്തമകൻ ശിവദാസ്സ് പലപ്പോഴും പറയാറുണ്ട്. "സാധുക്കളോട് കുറെക്കൂടി ദയവായിപെരുമാറണമച്ഛാ. അവരും മനുഷ്യരല്ലേ? അച്ഛൻ സ്നേഹത്തോടുകൂടി പറയുന്ന ഓരോ വാക്കും അവക്ക് മരുന്നിനേക്കാൾ ആശ്വാസം നല്കുന്നതായിരിക്കും." എനിക്കതു കേൾക്കുമ്പോൾ ശുണ്ഠികയറും. "നീ നിൻെറ കാര്യം അന്വേഷിച്ചാൽ മതി. എന്നെ ഉപദേശിക്കാറായിട്ടില്ല. കേട്ടോ?" ഇതായിരുന്നു എൻെറ മറുപടി.



Team Captains

1957—'58.

COLLEGE SPORTS



Hurdles.



Pole Vault.



1500 Metres



Slow Cycle.



100 Metres.



Staff Race.

*— Fr Dismas leading.*



VOLLEY BALL 1956—'57.



HOCKEY 1957—'58.

അങ്ങിനെയിരിക്കെ ഒരു ദിവസമാണ് ആ സംഭവം നടന്നതു്. അന്നു് ഒരു ശനിയാഴ്ചയായിരുന്നു. മണി മൂന്നായി. പകലത്തെ ഉറക്കം കഴിഞ്ഞു് ഞാനുണർന്നു. പുറത്തു വന്നു നോക്കിയപ്പോൾ ഒരു താടിയും തലപ്പാവുമുള്ള യുവാവു് കൈയിൽ ഒരു കടലാസുമായി ഇറയത്തിരിക്കുന്നു.

"എത്രനേരമായി ഞാനിവിടെ വന്നിരിക്കുന്നു." എന്നു് ആ മുഖം മൌനമായ ഭാഷയിൽ വിളിച്ചു പറഞ്ഞു.

"ഉം. എന്താ"?

"ഒരു മെഡിക്കൽ സർട്ടിഫിക്കററു് കിട്ടാൻ വേണ്ടി വന്നതാണ്."

ഞാൻ പേനയെടുത്തു് മേശക്കരികിലേക്കു നീങ്ങി. ഞാനറിയാതെ എന്റെ കണ്ണുകൾ ആ പോക്കററിലേക്കു പാഞ്ഞു. അതു സ്വാഭാവികമാണ്. ഞാനാഫോറം വാങ്ങിച്ചുകൊണ്ടു് സർവ്വ സാധാരണമായ ചോദ്യങ്ങൾ തൊടുത്തു.

"പേരു്"?

"സുരേന്ദ്രൻ"

"വയസ്സ്"?

"ഇരുപത്തിനാലു്".

"ജോലി"?

"ക്ലാർക്കു്".

ഇവിടെ ഞാനൊന്നു നിറുത്തി എന്റെ പതിവുള്ള വിവരം പറഞ്ഞു. "ഇതിനു് ഒരു Fee പതിവുണ്ടു്. കൊണ്ടുവന്നിട്ടുണ്ടോ?"

"എന്താണ്? കേട്ടില്ല."

"ഇതിനേ, ഒരു Fee പതിവുണ്ടു്. കൊണ്ടുവന്നിട്ടുണ്ടോ?"

"ഇല്ലല്ലോ. ഈ വിവരം എനിക്കറിയാമായിരുന്നില്ല."

"എന്നാൽ പോയിട്ടു പിന്നെ വരാം."

അതിനയാൾ തയ്യാറല്ലെന്നപോലെ പറഞ്ഞു: "സാറേ, നിങ്ങൾ ഒരു ഗവണ്മേണ്ടു് സർജ്ജനല്ലേ? പിന്നെന്തിനാ ഞാൻ Fee തരുന്നതു്?"

"ഓ താനെന്റെ ശമ്പളക്കാര്യം അന്വേഷിക്കാൻ വന്നതാണോ?"

"ആ ഉദ്ദേശം എനിക്കില്ല സാർ. നിങ്ങൾ Fee ചോദിച്ചതിനാൽ ഞാൻ അതിന്റെ ആവശ്യത്തെപ്പററി ചോദിച്ചുവെന്നുമാത്രം."

"അതു ശരി. എന്നാൽ എനിക്കിപ്പോൾ പറയാൻ മനസ്സില്ല. താനാഫോറവുമെടുത്തു് പൊയ്ക്കോ."

"അല്ലാ. സാറിനിത്ര വേഗം കോപം വന്നാലോ? നിങ്ങൾ പണത്തിനുവേണ്ടിയായിരിക്കും ജീവിക്കുന്നതു്. പക്ഷെ......................."

"എടാ നിന്റെ അധികപ്രസംഗം നിറുത്തി പുറത്തുപോ. ഇതു ചന്തപ്പുരയൊന്നുമല്ല. പോയിപ്പോയി എന്റെ ആത്മാഭിമാനത്തിൽപോലും കൈവെക്കാൻ നോക്കുന്നു. കഴുത."

"ഓ, എന്തൊരാത്മാഭിമാനമുള്ള മനുഷ്യൻ. കഴിഞ്ഞ വെള്ളിയാഴ്ച ആ ഭാനുവിന്റെ പിന്നാലെ പോയി, ആ ചാത്തുവിന്റെ കൈയിൽ നിന്നു് കുറവടി പ്രയോഗവും വാങ്ങിച്ചു് വന്ന ആളാണ് ഇന്നീ ആത്മാഭിമാന പ്രസംഗം നടത്തുന്നതു്. നാണമില്ലല്ലോ?"

പെട്ടെന്നെന്റെ മുഖമാകെ വിളറി. ചുററുമൊന്നു പകച്ചുനോക്കി. ഭാഗ്യത്തിനു് ആരേയും കണ്ടില്ല. ആരുമറിയാത്ത ആ സംഭവം ഈ ശവമെങ്ങിനെ അറിഞ്ഞു. അയ്യോ, എന്റെ ഭാര്യയും മക്കളും ഇതു കേട്ടാൽ. ഞാനവനു് സർട്ടിഫിക്കറെറഴുതി കൊടുക്കുവാൻ തന്നെ തീരുമാനിച്ചു; "ഛെ! താനസഭ്യമൊന്നും പറയണ്ട. സർട്ടിഫിക്കറെറഴുതി തന്നേക്കാം."

"വേണ്ട. അങ്ങിനെ കഷ്ടപ്പെടണമെന്നില്ല. എനിക്കു പറയാനുള്ളതു് പറഞ്ഞേ ഞാൻ പോകൂ."

"ങേ"! ഞാനൊന്നുകൂടി അമ്പരന്നു.

"സാറേ, സത്യവും സംസ്കാരവും നിങ്ങളെ തീണ്ടിയിട്ടുണ്ടോ?"

ദൈവമേ, ഇവൻ ഇനിയും പറയുവാനുള്ള ഭാവമാണോ?

"പറയൂ ഡാക്ടർ. സ്നേഹം നിങ്ങളെ തീണ്ടിയിട്ടുണ്ടോ? മനുഷ്യത്വം എന്താണെന്നു നിങ്ങൾക്കറിയാമോ? അഞ്ചുരൂപ തന്നാൽ ഒരു ക്ഷയരോഗിയായാലും പൂർണ്ണാരോഗ്യവാനാണെന്നു് സർട്ടിഫൈ ചെയ്യും. രൂപ തന്നില്ലെങ്കിൽ നേരെമറിച്ചും ചെയ്യാൻ നിങ്ങൾക്കറിയാം. അല്ലെങ്കിൽ ആ പല്ലവി 'പോയിട്ടു പിന്നെ വരൂ.' പാടാനും നിങ്ങൾക്കറിയാം."

ഞാനറിയാതെ എന്റെ ചിന്ത എന്നിലേക്കു തിരിഞ്ഞു. ഇവൻ പറയുന്നതെല്ലാം ഭയങ്കരമായ വാസ്തവങ്ങളാണു്. ഇതിനുമുമ്പു തോന്നാത്ത ഒരു ലജ്ജയും ഭീതിയും എന്നെ പിടികൂടി.

സുരേന്ദ്രൻ തുടരുകയാണു്. "ആതുര സേവനം മഹത്തായ ഒരു കാര്യമാണു്. നിങ്ങളെപ്പോലുള്ള നീചന്മാർക്കു മനസ്സിലാവുകയില്ല. മനുഷ്യരെ രക്ഷിക്കേണ്ടതിനുപകരം നിങ്ങൾ മനുഷ്യരെക്കൊല്ലുകയാണു്."

എന്തുപറയേണ്ടു വെന്നറിയാതെ കുഴങ്ങിയ ഞാൻ ഇങ്ങിനെ വിക്കിവിക്കി പറഞ്ഞു. "എല്ലാവരും പതിവായി തരാറുണ്ടു്. നിങ്ങൾക്കു വിഷമമാണെങ്കിൽ തരേണ്ട. ഞാൻ സർട്ടിഫിക്കറ്റെഴുതിത്തരാം."

സുരേന്ദ്രൻഹാസ്യമായി ഒന്നു ചിരിച്ചു. "എന്തിനു്, ഡാക്ടർ, നിങ്ങൾ ഒളിക്കാൻ ശ്രമിക്കുന്നു? നിങ്ങളെ ഞാൻ നല്ലവണ്ണം മനസ്സിലാക്കിയിട്ടുണ്ടു്. ഇതാ നിങ്ങളുടെ Fee." ഇതും പറഞ്ഞു് അയാൾ ഒരു പത്തിന്റെ നോട്ടു് മേശപ്പുറത്തേക്കു വലിച്ചെറിഞ്ഞു.

ഞാനാമുഖത്തൊന്നു നോക്കാൻ ശ്രമിച്ചു. പക്ഷേ എന്റെ തല പൊങ്ങിയില്ല. എങ്കിലും അതേവരെ ഉണ്ടാകാത്ത ഒരു മനസ്സാക്ഷി എന്നിലുണ്ടായതായി എനിക്കു തോന്നി. "എനിക്കു പണം വേണ്ട."

"അല്ലാ. ഞാനിതു കേട്ടു സന്തോഷിക്കുന്നവനാണെന്നു കരുതിയോ?"

ആ നോട്ടു കയ്യിലെടുത്തുകൊണ്ടു് അയാൾ തുടൎന്നു. "ഡാക്ടർ, നിങ്ങളെപ്പോലെയുള്ളവരെ അടിമകളാക്കാൻ ഈ പണത്തിനു കഴിഞ്ഞിട്ടുണ്ടു്. നിങ്ങളെപ്പോലെയുള്ളവരുടെ മനുഷ്യത്വത്തെ വിലക്കെടുക്കുവാൻ അതിനു സാധിച്ചിട്ടുണ്ടു്. വാസ്തവം തന്നെ. പക്ഷേ ഞാൻ അത്തരത്തിൽ പെടുന്നില്ല. അതൊരിക്കലും എന്നെ സൃഷ്ടിച്ചിട്ടില്ല. നേരെമറിച്ചു് ഞാനാണതിന്റെ സ്രഷ്ടാവും, സംഹർത്താവും. നോക്കു." ആ നോട്ടു് അഞ്ചാറായി കീറി എന്റെ മുഖത്തേയ്ക്കു വലിച്ചെറിഞ്ഞു.

"പണം....................പണം.... ...........
പണം...........പറയൂ ഡാക്ടർ ഇതല്ലേ? പണം."

ഹാ! ഞാനപ്പോഴാണു് പണത്തിന്റെ വിലയറിഞ്ഞതു്. എന്റെ കണ്ണുകൾ തുറന്നു. അതിനു കാഴ്ചയുള്ളതായി തോന്നി. ഹൃദയം പശ്ചാത്താപംകൊണ്ടു നീറിത്തുടങ്ങി.

"ഭയപ്പെടേണ്ട ഡാക്ടർ, നിങ്ങളുടെ Fee ഇതാ." രണ്ടാമതും ഒരു നോട്ടു മേശപ്പുറത്തേക്കു വലിച്ചെറിഞ്ഞു. കത്തുന്ന തീയിൽ എണ്ണ ഒഴിച്ച ഫലമാണു് അതെന്നിലുളവാക്കിയതു്. എന്റെ ദുഷ്ടവിചാരങ്ങളും കോപവും കണ്ണുനീരിൽക്കൂടി ഒഴുകിപ്പോയിത്തുടങ്ങി. ഹൃദയം പശ്ചാത്താപംകൊണ്ടു വിങ്ങിപ്പൊട്ടി. ഞാൻ സ്നേഹമുള്ളവനായി; വിനീതനായി; മനുഷ്യത്വം എന്താണെന്നറിഞ്ഞു. എന്റെ കണ്ഠം ഇടറി, "സഹോദരാ...........എനി............ക്കു പണം വേണ്ട." ഞാനറിയാതെ എന്റെ കൈകൾ ആ യുവാവിന്റെ കൈകൾ കടന്നു പിടിച്ചു. "അനിയാ, ഇനി ഞാൻ പണത്തിനുവേണ്ടി ജീവിക്കയില്ല. സത്യം."

സുരേന്ദ്രനിൽ എന്തെന്നില്ലാത്ത ഒരു സന്തോഷം കണ്ടു. "ഈശ്വരൻ നിങ്ങളെ സഹായിക്കട്ടെ!"

സുരേന്ദ്രൻ രൂപയുമെടുത്തു് നടന്നു മറഞ്ഞു. അതിനുശേഷമുള്ള എന്റെ ജീവിതം ഏററവും പരിശുദ്ധമായിരുന്നു. എന്നാൽ ആ യുവാവിനെ ഇതേവരേ വീണ്ടും കാണുവാൻ കഴിഞ്ഞിട്ടില്ല.

"അല്ല. ഇനിയും ഇവിടന്നെഴുന്നേററില്ല. കഷ്ടം തന്നെ." നളിനി പോകാൻ തയ്യാറായി.

"ദൈവമേ, എന്തിനെപ്പററിയാണു് ഇങ്ങിനെ ചിന്തിക്കുന്നതു്? ഒന്നെഴുന്നേൽക്കൂ."

"നളിനീ, ആരാ വരുന്നതു്?"

"ഹാ! അതദ്ദേഹം തന്നെ" അതെ. ആ താടിയും തലപ്പാവുമുള്ള മനുഷ്യൻ.

"നമസ്കാരം."

"നമസ്കാരം."

"ഇരിക്കൂ."

"പിന്നെ, എന്തൊക്കെയാ വിശേഷം ഡാക്ടർ."

"നല്ലതു തന്നെ."

"അങ്ങു് ഇവിടെനിന്നും പോവുന്ന വിവരം ഞാൻ ഇന്നലെയാണറിഞ്ഞതു്. അപ്പൊ ഒന്നു കണ്ടു കളയാമെന്നു കരുതി വന്നതാണു്."

"വളരെ നന്നായി."

"കുറേ ദിവസമായി സദാ ഇദ്ദേഹത്തിനു താങ്കളുടെ വിചാരമാണു്." നളിനി പറഞ്ഞു.

"നളിനി പറഞ്ഞതു് വാസ്തവമാണു്. കുറേ നാളായി നിങ്ങളെ കാണണമെന്നു് എനിക്കതിയായ ആഗ്രഹം. അങ്ങയോടു് എനിക്കുള്ള കടപ്പാടു് എത്രമാത്രമാണെന്നു് പറഞ്ഞറിയിക്കാൻ വിഷമമാണു്."

"എന്നോടു് ഒരു കടപ്പാടുമില്ല. എല്ലാം ഈശ്വരനോടു്."

"എനിക്കു് അങ്ങയെപററിയുള്ള സകല വിവരവും അറിയണം. പറയൂ. വീടെവിടെയാണു്?"

"ഓ, അതിനു് യാതൊരു വിഷമവുമില്ലല്ലോ." സുരേന്ദ്രൻ കൃത്രിമ തലപ്പാവും മീശയും എടുത്തുമാററി.

"ഹാ........ശിവാ......നീയാണോ ഇതു്?"

"അച്ഛാ........" (പരസ്പരം ആലിംഗനം ചെയ്യുന്നു.)

"........അതേ. അച്ഛനെ നല്ലവനാക്കിയ "ആ അറിയപ്പെടാത്ത മനുഷ്യൻ ഞാൻ തന്നെയാണു്.

PAULY BROTHERS,
WHOLESALE AND RETAIL
CHEMISTS AND DRUGGISTS,
IRINJALAKUDA,
(KERALA STATE)

# പീച്ചിക്കൊരുല്ലാസയാത്ര.

*(വി. സി. ജോസഫ്, പി. യു. സി.)*

അന്നു് ഒരു ഞായറാഴ്ചയായിരുന്നു. മുത്താഴം കഴിഞ്ഞപ്പോഴാണു് ഞങ്ങളുടെ നേതാവിനു് ഭൂതോദയം ഉണ്ടായതു്, പീച്ചി പദ്ധതി കാണുവാൻ പോകണമെന്നു്. ജലപ്പെരുപ്പം കൊണ്ടു തലേദിവസം ഷീപ്പുകൾ തുറന്നതായി പത്രത്തിൽ കണ്ടതിനാൽ സന്ദർശനത്തിനു് ഏററവും തക്ക അവസരം ഇതായിരുന്നുവല്ലൊ. ആഹ്ലാദശബ്ദങ്ങൾ കോളേജ്കുന്നിൽ അലതല്ലി. ശീഘ്രത്തിൽ ഡ്രെസ്സ് ചെയ്തു ഞങ്ങൾ യാത്രയ്ക്കൊരുങ്ങി. അലങ്കാരത്തിനും അല്ലാതെയുമുള്ള ക്യാമറകൾ ചിലരുടെ പാർശ്വങ്ങളിൽ തൂങ്ങി. ഒരുമണിയോടുകൂടി ഞങ്ങൾ കോളേജിൽനിന്നും ഇറങ്ങി. മേക്കപ്പിൽ മികച്ചവർ വാലുവാലായി പിറകെ വന്നു. ഞങ്ങൾക്കു് അധികം നേരം കാത്തുനില്ക്കേണ്ടതായി വന്നില്ല. തൃശ്ശൂർക്കുള്ള ബസ്സ് സഗൌരവം പാഞ്ഞുവന്നു. ഞങ്ങൾ എല്ലാവരും അതിൽ പിടച്ചുകയറി. ബസ്സിലെ തിരക്കുകൊണ്ടു് കോളേജ്‌വിദ്യാർത്ഥികളുണ്ടൊ ചകിതമനസ്കരാകുന്നു! ഞങ്ങൾ പാട്ടുപാടി, വിററടിച്ചു്, സഹയാത്രികരേയും രസിപ്പിച്ചു. അങ്ങനെ മണിക്കൂർ ഒന്നു കടന്നുപോയി. മാപ്രാണവും, പൂച്ചുണ്ണിപ്പാടവും, കൂർക്കഞ്ചേരിയുമൊക്കെ കടന്നുപോയതു് ഞങ്ങളിൽ പലരും അറിഞ്ഞില്ല. തൃശ്ശൂർക്കുള്ള ത്രൂ കമ്പി കിട്ടിയവർ ഇതൊക്കെ അറിഞ്ഞിട്ടു് എന്താവശ്യം? ചുമന്ന മണ്ണു്, മണ്ണുത്തല, കാഞ്ഞാണി, കണ്ടശ്ശാംകടവു്, പട്ടിക്കാടു്, പീച്ചി, എന്നീ കൂക്കുവിളികൾ ശ്രുതികഠോരമായി കർണ്ണപുടങ്ങളിൽ പതിച്ചുതുടങ്ങി. അപ്പോഴാണു് ബസ്സ്‌സ്റ്റാൻഡിൽ എത്തിക്കഴിഞ്ഞു എന്നു ഞങ്ങൾ അറിഞ്ഞതു്. കരുവന്നൂർ മഹാനദിക്കപ്പുറം വടക്കോട്ടു നീണ്ടു പരന്നുകിടക്കുന്ന വിസ്മയനീയ ലോകം ദർശിക്കുവാൻ ഇതഃപര്യന്തം ഭാഗധേയം ലഭിച്ചിട്ടില്ലാത്ത ഒരു......................ക്കാരൻ കൊച്ചു സഹോദരൻ പീച്ചി ശബ്ദം കേട്ടപ്പോൾ ചോദിക്കുകയാണു്: "നാമിത്രവേഗം പീച്ചിയിലെത്തിക്കഴിഞ്ഞുവൊ"യെന്നു്. "മാറെടെ ശവമെ" എന്ന കണ്ടക്ടരുടെ ആക്രോശത്തിനിടയ്ക്കു് ബസ്സ് നിന്നുകഴിഞ്ഞു. ഞാൻ തിരിഞ്ഞുനോക്കി. വിശപ്പിന്റെ വിളികേട്ടു് "പെട്ടിയുണ്ടൊ സാറേ," എന്നു ചോദിച്ചു്, ബസ്സിൽ ചാടിക്കേറുവാൻ ഭാവിച്ച ഒരു ചെറുപയ്യനെയാണു് കണ്ടക്ടർ ഇപ്രകാരം ആട്ടിപ്പായിച്ചതു്.

ഞങ്ങൾ ബസ്സിൽനിന്നും ഇറങ്ങി. "ആ— ആ—വു!" ഒന്നു സ്വതന്ത്രമായി നിശ്വസിച്ചു. ചിലർ തലമണ്ടയൊന്നു തിരുമ്മി, ചളുക്കു തീർക്കുവാനെന്ന ഭാവത്തിൽ. മററു ചിലർ മൃദുല കേശത്തിന്റെ മേക്കപ്പു് ഒന്നു തപ്പിനോക്കി. ഇക്കണക്കിനു് യാത്ര ബസ്സിൽതന്നെ തുടരുന്നതു് അത്ര പന്തിയല്ലെന്നു എല്ലാവർക്കും ബോദ്ധ്യമായി. സമയവും കുറവായിരുന്നു. പീച്ചി—പട്ടിക്കാട്ടു് ബസ്സ് ഞങ്ങളെ മാടിവിളിച്ചു. പക്ഷെ, ഞങ്ങളുടെ നേതാവു് ഫോൺവിളിച്ചു്, ഒരു 'വാൻ' വരുത്തി; ഞങ്ങൾ എല്ലാവരും അതിൽ കയറി, സൌകര്യമായി പീച്ചിയിലേക്കു യാത്ര തുടർന്നു. ഞങ്ങളുടെ വാൻ അതിശീഘ്രം പാഞ്ഞുകൊണ്ടിരുന്നു. ബ്രഹ്മാണ്ഡമായ സെൻറ് തോമസ് കലാലയവും, കിഴക്കെകോട്ടയും, നവീനമായ ഭദ്രാസനദേവാലയവും, പെട്ടെന്നു കടന്നുപോയി. "നാട്ടിൻപുറം നന്മകളാൽ സമൃദ്ധം" എന്ന കവിവാക്യത്തിന്റെ യാഥാർത്ഥ്യത്തിനു് ഞങ്ങളുടെ നയനങ്ങൾ സാക്ഷ്യംവഹിച്ചുതുടങ്ങി. പച്ചവിരിച്ച നെൽപ്പാടങ്ങൾ, കപ്പ നിറഞ്ഞ കുന്നിൻചെരുവുകൾ, എരമ്പിപ്പായുന്ന കാട്ടരുവികൾ; മനം കുളുർക്കുന്ന പക്ഷികളുടെ കളകൂജനങ്ങൾ, ഗാത്രം പുണരുന്ന ഇളംതെന്നൽ—ഞങ്ങളുടെ ഉല്ലാസയാത്രയുടെ ഹൃദ്യതയ്ക്കു ഇനി എന്താണു് കുറവു്!

ഇതിനിടയ്ക്കു് മണ്ണുത്തി ഫാറവും, നവമായി ഉയൎന്നുവരുന്ന വെറററിനററി കോളേജും ഞങ്ങളുടെ വാൻ പിന്നിലാക്കി. ഞങ്ങൾ പീച്ചിയിലെത്തിക്കഴിഞ്ഞു. ഒരു നൂററരുപത്തെട്ടടി ഉയരത്തിൽനിന്നു് അണക്കെട്ടിലെ ചീപ്പുതുറവുകളിൽക്കൂടെ ചാടുന്ന ജലപ്രവാഹത്തിൻെറ ശബ്ദം ഞങ്ങൾ വിദൂരത്തിൽ ശ്രവിച്ചതാണു്. അണക്കെട്ടിൻെറ ദൎശനമാത്രയിൽ ഞങ്ങൾ എല്ലാവരുംതന്നെ സകൗതുകം ഓടിയിറങ്ങി നദീതടത്തിലെത്തി, വിസ്മയഭരിതരായി, ആനന്ദതുന്ദിലരായി, വെള്ളച്ചാട്ടം നോക്കി നിലയുറപ്പിച്ചു. അനന്യലഭ്യമായ ഈ സദ്യകൊണ്ടു് കണ്ണുകൾക്കു് എളുപ്പത്തിൽ മതിവന്നില്ല. വെള്ളച്ചാട്ടത്തിൽനിന്നു പുകപോലെ ഉയരുന്ന ജലകണങ്ങൾ ഞങ്ങൾക്കു് ആപാദചൂഡം ഒരു കുളുൎമ്മ നല്കി. ക്യാമറകൾ നിരന്നു. ഏതാനും നിമിഷംകൊണ്ടു് എല്ലാം പെട്ടിക്കകത്താക്കി എന്ന ചാരിതാൎത്ഥ്യഭാവത്തിൽ ക്യാമറക്കാർ "ഇനി നമുക്കു പോകാം" എന്നു പ്രഖ്യാപിച്ചു. എല്ലാവരും ഗോവണിപ്പടികൾ ഓടിക്കയറുവാൻ തുടങ്ങി. ചവിട്ടുകൾ നാനൂറോളം ഉണ്ടു്. കാലുകൾ കുഴഞ്ഞു. വേഗത കുറഞ്ഞു. ഉല്ലാസം മങ്ങി. കുറേശ്ശെ കിതപ്പും. "ആ—ആ—വു!" എല്ലാവരും മുകളിൽ എത്തിച്ചേൎന്നു. ഞങ്ങൾ അണക്കെട്ടു് ആസകലം ഒരു പരിശോധന നടത്തി. അനന്തരം ഒരു മോട്ടോർബോട്ടിൽ കയറി, തടാകത്തിലൂടെ സാക്ഷാൽ വിനോദയാത്ര ആരംഭിച്ചു.

തടാകം നിറഞ്ഞു കവിഞ്ഞൊഴുകുന്ന ഒരു ഘട്ടമാണെന്നു് ആദ്യം സൂചിപ്പിച്ചുവല്ലൊ. വാസ്തവത്തിൽ അതിമോഹനമായ ഒരു പ്രകൃതിവിലാസമാണു് ഞങ്ങളുടെ മുമ്പിൽ കണ്ടതു്. തേക്കടിയിലെ പെരിയാർ തടാകത്തിൽ അടുത്തുതന്നെ പര്യടനം നടത്തിയിരുന്ന ഞങ്ങളുടെ നേതാവു് പറഞ്ഞു, "അതിനോടു കിടപിടിക്കുന്ന ഒന്നാണു് ഇതെ"ന്നു്. അവിടെ ചിലപ്പോൾ ചില വന്യമൃഗങ്ങളെ കാണുവാൻ ഇടവന്നേക്കാമെന്നു് ഒരു മെച്ചമേയുള്ളു. ഞങ്ങൾ ജലപരപ്പിലൂടെ കുറെ ദൂരം സഞ്ചരിച്ചു. "ക്ലിക്കു്, ക്ലിക്കു്" എന്നു ക്യാമറകൾ ഇടയ്ക്കിടെ പ്രവൎത്തിച്ചുകൊണ്ടിരുന്നു. മണി നാലരയോടടുത്തു. പെട്ടെന്നു ചക്രവാളത്തിൽ 'ആശാരിമുക്കിൽ' ഒരു കറുപ്പു കണ്ടു. മഴ ചാറിത്തുടങ്ങി. തടാകം സജീവമായി. മത്സ്യങ്ങൾ ജലോപരിതലത്തിൽ ചാടിക്കളിച്ചു. ഞങ്ങളുടെ ബോട്ടിൽ ഒരു മ്ലാനതയും വ്യാപിച്ചു. ഓളങ്ങൾ നൃത്തം തുടങ്ങി. അവരുടെ ആനന്ദത്തിൽ ഞങ്ങളേയും ഭാഗഭാക്കുകളാക്കണമെന്നു് അവർ ആഗ്രഹിച്ചു. ഞങ്ങളെ സ്നേഹാലിംഗനംചെയ്യുവാൻ അവരിൽ ചിലർ ബോട്ടിലേയ്ക്കു കയറിവന്നുതുടങ്ങി. ഞങ്ങൾ പരിഭ്രമിച്ചു. "ഈശ്വരാ! ഈശോ! മാതാവെ!" എന്നിങ്ങനെയുള്ള ആൎത്തനാദങ്ങൾ ചില അധരങ്ങളിൽനിന്നു് അറിയാതെ നിൎഗ്ഗമിച്ചുതുടങ്ങി. എല്ലാവരുടേയും മുഖകമലങ്ങൾ 'കുരുത്തോല സമ'മായി. ചിലർ അവരുടെ ജപമാല കയ്യിലേന്തി. പക്ഷെ ബോട്ടിൻെറ ഡ്രൈവൎക്കു് ഒരു കൂസലുമില്ല. അനേകം ആത്മാക്കൾ അയാളുടെ കരങ്ങളിലാണു്. അതിനെന്താണു്? അയാൾക്കു് ഇതൊക്കെ നിത്യാനുഭവമാണു്. അത്ര പന്തിയല്ലെന്നു കണ്ടപ്പോൾ അയാൾ ബോട്ടു് ഒരു വശത്തോട്ടു തിരിച്ചു് ഓടിച്ചു് വെള്ളത്തിൽ മുങ്ങി അററങ്ങൾ മാത്രം പുറത്തു കണ്ടിരുന്ന ഒരു ഇല്ലിക്കൂട്ടത്തിനുള്ളിൽ സങ്കേതം പിടിച്ചു. അങ്ങനെ ഞങ്ങൾ സുരക്ഷിതരായി. കുറഞ്ഞൊരു സമയത്തിനകം എല്ലാം വീണ്ടും പ്രശാന്തമായി. ഞങ്ങളുടെ ബോട്ടു വീണ്ടും ഡാമിനെ ലക്ഷ്യമാക്കിത്തിരിച്ചു.

ഏതാനും നിമിഷങ്ങൾക്കകം ഞങ്ങൾ അണക്കെട്ടിൽ മടങ്ങിയെത്തി. എല്ലാവൎക്കും വിനോദയാത്ര തൃപ്തിയായി. അവിടെ കാത്തുകിടപ്പുണ്ടായിരുന്ന വാനിൽ കയറി അതിവേഗം യാത്രതിരിച്ചു. മഴ വീണ്ടും ചാറിത്തുടങ്ങി. ചുററുമുള്ള പ്രകൃതിസൌന്ദൎയ്യം വീണ്ടും ആസ്വദിക്കുന്നതിനു് ആൎക്കും മനസ്സുഖം ഉണ്ടായില്ല. തൃശ്ശൂർ അടുക്കാറായപ്പോൾ "ഓ—ഓ—ഓ—" അന്തമില്ലാത്തൊരു വിളി കേൾക്കാറായി. "അതെന്താണു് ആ കേൾക്കുന്നതു്?", ആ ............ക്കാരൻ കൊച്ചുമിത്രം പരിഭ്രമിച്ചുകൊണ്ടു് ചോദിച്ചു. അതു സീതാറാമിലെ 'സൈറൻ' ആയിരുന്നു. മണി ആറായി. ഏഴുമണിക്കുമുമ്പായി ഞങ്ങൾ കോളേജിൽ തിരിച്ചെത്തി. അങ്ങനെ ആ ഉല്ലസയാത്ര മംഗളമായി പൎയ്യവസാനിച്ചു.

# പട്ടു പാവാട.

(കെ. കെ. ഭാസ്കരൻ, I B. Sc.)

